# ക്രൈസ്തവ
# വനിത

**September - October 2012**

**"ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ."**

**(1 യോഹന്നാൻ 5:4)**

# CHRISTIAN
# *WOMAN*

A fundamental Christian bi-monthly publication
of the women, by the women, for the women

# ക്രൈസ്തവ **വനിത**

Annamma C. John Founder

Telephone 0471-2448079 email: info@gnmindia.org

Mobile: 9495679664

Volume V **September - October 2012** No.5



## Editorial Board

Mrs. Preetha Denny Chief Editor
Mrs. Mary Anchan Associate Editor

Sub Editors

Mrs. Sherine Kingston Mrs. Sobha Selin


## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| വേദപുസ്തക വനിതകൾ | 5 |
| മീഖൾ | 8 |
| നാം ദൈവത്തിനു ക്രിസ്തുവിന്റെ ... | 12 |
| കൈക്കൂലി വാങ്ങണമോ? | 14 |
| യേശുവുള്ള ഭവനം (മർക്കൊസ് 2:1 -12) | 16 |
| കൈവിട്ടുകളഞ്ഞ അവകാശം | 20 |
| എന്റെ പകരക്കാരൻ | 22 |
| പ്രമേഹം | 24 |
| ചോദ്യോത്തര പംക്തി | 28 |
| Quest 26 | 30 |
| Quest 25ന്റെ ഉത്തരങ്ങൾ | 31 |



വാർഷിക വരിസംഖ്യയായ അൻപതു രൂപ (₹.50/- only),
ലേഖനങ്ങൾ, കത്തുകൾ ഇവ അയയ്ക്കേണ്ട വിലാസം:

**ഷെറിൻ കിംഗ്സ്റ്റൺ**
ഗുഡ് ന്യൂസ്
ആക്കുളം റോഡ്
തിരുവനന്തപുരം- 695 031


*For private circulation only*

*എഡിറ്റോറിയൽ*

# മരണപര്യന്തം വിശ്വസ്തരായിരിക്കുക

ഈ ലോകത്ത് ഇന്ന് വളരെ അപൂർവ്വമായി മാത്രം കണ്ടുവരുന്ന ചില ആളുകളാണ് വിശ്വസ്തതയുള്ളവർ. സാമൂഹ്യജീവിതത്തിലായാലും കുടുംബ ജീവിതത്തിലായാലും വിശ്വസ്തതയുള്ളവർ ചുരുക്കം മാത്രമാണ്. ക്രിസ്തു വിശ്വാസികൾക്കുള്ള ഒരു പ്രധാന ഉപദേശമാണ് വെളിപ്പാട് 2:10-ൽ കാണുന്നത്. “മരണപര്യന്തം വിശ്വസ്തനായിരിക്ക; എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും.” വിശ്വസ്തതയോടു കൂടി ക്രൈസ്തവജീവിതം നയിക്കുന്നവർക്കുള്ളതാണ് ജീവകിരീടം എന്ന് ഓർമ്മപ്പെടുത്തുന്നതാണ് ഈ വാക്യം. രക്ഷിക്കപ്പെട്ട് കർത്താവിന്റെ സഭയോട് ചേർന്ന ഒരു വ്യക്തി തന്റെ ആദ്യവിശ്വാസം അവസാനത്തോളം കാക്കണം.

ദൈവത്തോട് വിശ്വസ്തത പുലർത്തുന്ന ഒരു വ്യക്തിക്ക് ചുറ്റുപാടുമുള്ള സമൂഹത്തോടും വിശ്വസ്തത പുലർത്താൻ സാധിക്കുന്നു. ദൈവത്തോടും മനുഷ്യരോടും വിശ്വസ്തത കാണിക്കുന്നതുകൊണ്ട് പലതരം വിഷമതകൾ വന്നുഭവിച്ചാലും ദൈവഹിതമെങ്കിൽ അവ നേരിട്ടേ മതിയാവൂ. “നിങ്ങൾ കഷ്ടം സഹിക്കേണം എന്നു ദൈവഹിതമെങ്കിൽ തിന്മ ചെയ്തിട്ടല്ല, നന്മ ചെയ്തിട്ടു സഹിക്കുന്നത് ഏറ്റവും നല്ലത്.” (1 പത്രൊസ് 3:17) എന്നാണ് പത്രൊസ് അപ്പൊസ്തലൻ നമ്മെ ഉദ്ബോധിപ്പിച്ചത്. ഈ പ്രബോധനങ്ങൾ എല്ലാം പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുമെങ്കിലും പൂർണ്ണവിശ്വസ്തത കാണിക്കുന്നവർ വളരെ ചുരുക്കം മാത്രമായിരിക്കും. പത്രൊസ് അപ്പൊസ്തലൻ സഭകളെ വീണ്ടും ഓർമ്മിപ്പിക്കുന്നത് “അതുകൊണ്ടു ദൈവേഷ്ടപ്രകാരം കഷ്ടം സഹിക്കുന്നവർ നന്മ ചെയ്തുകൊണ്ടു തങ്ങളുടെ പ്രാണനെ വിശ്വസ്തനായ സ്രഷ്ടാവിങ്കൽ ഭരമേല്പിക്കട്ടെ.” (1 പത്രൊസ് 4:19) നമ്മുടെ സ്രഷ്ടാവായ ദൈവം വിശ്വസ്തനാണ്. അതുകൊണ്ടാണ് നമ്മുടെ പാപങ്ങൾക്ക് പരിഹാരമായി സ്വന്തപുത്രനെ കുരിശിൽ തകർത്തു കളഞ്ഞത്. അതുകൊണ്ടു തന്നെ നാം ഈ ഭൂമിയിൽ ആയിരിക്കുന്നേടത്തോളം കാലം എന്തു കഷ്ടം സഹിക്കേണ്ടി വന്നാലും ദൈവത്തോടുള്ള വിശ്വസ്തത മുറുകെ പിടിക്കണം.

പഴയനിയമ വിശുദ്ധന്മാർ ദൈവത്തോടുള്ള വിശ്വസ്തത മുറുകെ പിടിച്ചാണ് ജീവിച്ചത്. ഹാനോക്ക് ദൈവത്തോടു കൂടെ നടന്നു എന്ന് കാണാം. തന്റെ വിശ്വസ്തത കൊണ്ടാണ് അതിന് സാധിച്ചത്. അതുപോലെ നോഹയോടും ദൈവം വിശ്വസ്ത കാണിച്ചു. തന്റെ തലമുറയിൽ നീതിമാനും നിഷ്ക്കളങ്കനുമായ നോഹയും ദൈവത്തോടുകൂടെ നടന്നു എന്ന് ഉത്പത്തി പുസ്തകത്തിൽ വായിക്കാം. നോഹ ദൈവത്തോട് വിശ്വസ്തനായിരുന്നു എന്ന് കാണാൻ കഴിയുന്നു. ദൈവം പറഞ്ഞ കാര്യങ്ങൾ ചോദ്യം ചെയ്യാതെ അതേപടി അനുസരിക്കുകയും ചെയ്തു. ദൈവത്തിന്റെ വിശ്വസ്തത വളരെയധികം അനുഭവിക്കാൻ ഭാഗ്യം ലഭിച്ച വ്യക്തിയാണ് അബ്രഹാം. സ്വന്ത ദേശത്തുനിന്നും ചാർച്ചക്കാരുടെ ഇടയിൽ നിന്നും തന്നെ വിളിച്ചു വേർതിരിച്ച ദൈവം, കൊടുത്ത

വാഗ്ദാനം പാലിക്കുകയും ബഹുജാതികൾക്കു പിതാവാക്കുകയും ചെയ്തു. (വിശ്വാസികളുടെ പിതാവ്) ദൈവത്തിന്റെ വിശ്വസ്തത വേദപുസ്തകത്തിൽ ധാരാളമായി കാണാം. ഇയ്യോബ് തന്റെ സകല കഷ്ടങ്ങളിലും ദൈവത്തോടുള്ള വിശ്വാസവും വിശ്വസ്തതയും മുറുകെ പിടിച്ചു. ദാനീയേലിനെ സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളയും എന്നറിഞ്ഞിട്ടും ദൈവത്തോട് അവിശ്വസ്തത കാണിച്ചില്ല. തന്റെ ഭക്തന്മാരോടുള്ള കരുണയും ദയയും വിശ്വസ്തതയും ദൈവം വെളിപ്പെടുത്തി. ഇന്നും അത് തുടരുന്നു.

തന്നോട് അവിശ്വസ്തത കാണിക്കുന്നവർക്ക് ദൈവികശിക്ഷ ഉണ്ടാവുകയില്ലേ? തീർച്ചയായും കാണും. ഇസ്രയേൽ ജനത്തോടുള്ള തന്റെ വാഗ്ദാന പ്രകാരം വാഗ്ദത്ത ദേശത്തേക്കുള്ള യാത്രയിൽ യഹോവയോടു അവിശ്വസ്തത കാണിച്ച ജനത്തിന്റെ അവസ്ഥ പുറപ്പാട് പുസ്തകത്തിൽ കാണാവുന്നതാണ്. പുതിയ നിയമത്തിൽ പ്രവൃത്തികളുടെ പുസ്തകത്തിൽ പരിശുദ്ധാത്മാവിനോട് വ്യാജം കാണിച്ച അനന്യാസിന്റേയും സഫീരയുടേയും ഉദാഹരണം കാണാം.

വിശ്വാസികളായ നാം അവിശ്വസ്തത കാണിച്ചാലും സർവ്വത്തിന്റേയും സൃഷ്ടാവായ ദൈവത്തിന് അവിശ്വസ്തനാകുവാൻ കഴിയുന്നതല്ല. 2. തിമോത്തി 2:13-ൽ നാം ഇപ്രകാരം വായിക്കുന്നു. “നാം അവിശ്വസ്തരായിത്തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു; തന്റെ സ്വഭാവം ത്യജിപ്പാൻ അവനു കഴിയുകയില്ലല്ലോ; ഈ വചനം വിശ്വാസയോഗ്യമാകുന്നു.” ഇതിൽ നിന്നും ദൈവത്തിന്റെ സ്വഭാവം നമുക്ക് വ്യക്തമാകുന്നു. ഈ വചനങ്ങൾ വിശ്വാസ യോഗ്യമാണെന്ന് അപ്പൊസ്തലൻ തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവിശ്വസ്തത എന്നത് മനുഷ്യരുടെ സ്വഭാവവിശേഷമാണ്. ദൈവം നമ്മോട് വിശ്വസ്തനായിരിക്കുന്നതുപോലെ നാമും വിശ്വസ്തത കാണിക്കേണ്ടതല്ലേ? ക്രിസ്തുവിശ്വാസികളായ നമുക്ക് ക്രിസ്തുവിന്റെ സ്വഭാവവിശേഷങ്ങൾ ഉൾക്കൊള്ളുവാനും അനുസരിക്കാനും ബാധ്യതയില്ലേ? വെറും പുറംപൂച്ചുള്ളവർ ആകാതെ യഥാർത്ഥമായി വചനം പാലിക്കുവാനും ക്രിസ്തുവിനെ ഉൾക്കൊണ്ടു കൊണ്ട് ഈ ലോകത്ത് ജീവിക്കാനും യഥാർത്ഥ വിശ്വാസികൾക്ക് കഴിയണം. ദാസന്മാർ യജമാനന്മാർക്ക് കീഴടങ്ങി നല്ല വിശ്വസ്തത കാണിക്കുന്നവരായിരിപ്പാൻ തീത്തോസിനുള്ള ലേഖനത്തിൽ കൂടി അപ്പൊസ്തലൻ കല്പിക്കുന്നു. ദൈവം നമ്മോട് വിശ്വസ്തതകാണിക്കും എന്നതിനാൽ എന്തും ചെയ്യുവാനുള്ള സ്വാതന്ത്ര്യം നമുക്കില്ല. ദൈവഹിതത്തിനൊത്തവണ്ണം നമ്മെതന്നെ സമർപ്പിക്കേണ്ടതാകുന്നു. ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന ദൗത്യങ്ങൾ ദൈവഭയത്തോടും വിശ്വസ്തതയോടും കൂടി ചെയ്യുവാൻ ഓരോ ദൈവമക്കൾക്കും കഴിയണം. ക്രൂശിൽ ചൊരിഞ്ഞ തന്റെ വിലയേറിയ രക്തത്താൽ വിലകൊടുത്ത് വാങ്ങപ്പെട്ടവരായ നാം കർത്താവിന്റെ വിശ്വസ്ത ദാസീദാസന്മാരായി മരണപര്യന്തം വർത്തിക്കണം. സർവ്വശക്തനായ ദൈവം അതിനുള്ള കൃപ നല്കുമാറാകട്ടെ.

**പ്രീത ഡെന്നി**
**ചീഫ് എഡിറ്റർ**

# വേദപുസ്തക വനിതകൾ

**യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം**

## എസ്ഥേർ (ESTHER )

വിശുദ്ധവേദപുസ്തകത്തിലെ അറുപത്തിയാറ് പുസ്തകങ്ങളിൽ സ്ത്രീകളുടെ പേരിൽ അറിയപ്പെടുന്ന രണ്ടു പുസ്തകങ്ങൾ മാത്രമാണുള്ളത്: രൂത്ത്, എസ്ഥേർ. രൂത്തിനെക്കുറിച്ച് നാം ചിന്തിച്ചതാണ്. തിരുവചനത്തിലെ ചരിത്രപുസ്തകങ്ങളിൽ ഒടുവിലത്തേതാണ് ഇത്. എബ്രായ ബൈബിളിലെ മൂന്നാം വിഭാഗമായ എഴുത്തുകളിൽ (കെത്തുബീം) അഞ്ചുചുരുളുകൾ (മെഗില്ലോത്ത്) അവയിൽ ഒടുവിലത്തേതാണ് എസ്ഥേർ. പൂരീം ഉത്സവത്തിന് വായിക്കുന്ന പുസ്തകമാണിത്. ഉത്തമഗീതം, രൂത്ത്, വിലാപങ്ങൾ, സഭാപ്രസംഗി, എസ്ഥേർ ഇവയാണ് അഞ്ചുചുരുളുകൾ. ചാവുകടൽ ചുരുളു കളിൽ ഇതിന് എസ്ഥേറിന്റെ ഗ്രീക്കുപാഠത്തിൽ നൂറ്റിഅഞ്ചു വാക്യങ്ങൾ കൂടുതലുണ്ട്. പ്രൊട്ടസ്റ്റന്റുകാർ അധികവാക്യങ്ങളെ അപ്പോക്രിഫയായി കണക്കാക്കുന്നു.

ഗ്രന്ഥകർത്താവിനെക്കുറിച്ച് പുസ്തകത്തിൽ ഒരു സൂചനയും ഇല്ല. മൊർദ്ദെഖായിയാണ് ഇതിന്റെ എഴുത്തുകാരനെന്ന് ജോസീഫസും, ഇബാൻ എസ്രയും കരുതുന്നു. രചനാകാലഘട്ടം ബി.സി. 455 നു ശേഷം എന്ന് വേദ പണ്ഡിതന്മാർ കരുതുന്നു. പേർഷ്യൻ കാലഘട്ടം ബി.സി. 539 മുതൽ 333 വരെയാണ്. യെഹൂദന്മാരെക്കുറിച്ചുള്ള ദൈവത്തിന്റെ കരുതലും പരിപാല നവും വ്യക്തമാക്കുകയാണ് ഒരു ലക്ഷ്യം. മറ്റൊന്ന് പൂരീം ഉത്സവത്തിന്റെ പൊരുൾ വിശദീകരിക്കുക എന്നതാണ്.

അഹശ്വേരോശ് രാജാവ് ഹിന്തുദേശം മുതൽ കൂശ് വരെ നൂറ്റിഇരുപത്തി യേഴ് സംസ്ഥാനങ്ങൾ ഭരിച്ചിരുന്നതായി ചരിത്രം വെളിപ്പെടുത്തുന്നു. ഇന്ത്യ മുതൽ എത്യോപ്യ വരെ വിസ്തൃതമായ ഭൂഭാഗങ്ങൾ അടക്കി വാണിരുന്ന പേർഷ്യൻ ഭരണകൂടത്തിലെ പ്രമുഖനായ ചക്രവർത്തിയായിരുന്നു അഹശ്വേ രോശ്. വേദപുസ്തകത്തിൽ ആകെ ഒരു പ്രാവശ്യം മാത്രമാണ് ഇന്ത്യയെ ക്കുറിച്ചുള്ള പരാമർശം കാണുന്നത്. അത് ഈ ഗ്രന്ഥത്തിലാണ് എന്ന പ്രത്യേകതയും.

എസ്ഥേർ എന്ന പേരിന്റെ അർത്ഥം നക്ഷത്രം എന്നാണ്. പാപപങ്കില മായ അന്ധകാരം നിറഞ്ഞിരുന്ന ഒരു കാലഘട്ടത്തിലെ തേജസ്സാർന്ന നക്ഷത്രം തന്നെയായിരുന്നു അവൾ. ബാബിലോന്യ ദേവിയായ ഇഷ്ടാറിന്റെ പേരിൽ നിന്നും ഉണ്ടായ പേരാണ് എസ്ഥേർ. രാജ്ഞിയായിത്തീർന്ന ശേഷം നല്കിയ പേരാണിത്. കൊഴുന്ത് എന്നർത്ഥമുള്ള 'ഹദസ്സെ' എന്നായിരുന്നു ആദ്യ പേര്. അന്നത്തെ രാജധാനി ഉദ്യോഗസ്ഥനായ മൊർദ്ദേഖായി (എസ്ഥേർ 2:5) ബെന്യാമീൻ ഗോത്രക്കാരനായ കീശിന്റെ മകൻ ശിമെയി

യുടെ മകൻ യായീരിന്റെ മകനായിരുന്നു. തന്റെ ചിറ്റപ്പന്റെ മകളായ ഹദസ്സയെ വളർത്തിയിരുന്നത് മൊർദ്ദേഖായി ആയിരുന്നു. കാരണം അവളുടെ മാതാപിതാക്കൾ മരിച്ചു പോയിരുന്നു. (വാ.2:6) നെബൂഖദ്നേസർ ബദ്ധരാക്കി കൊണ്ടു വന്നവരുടെ ഗണത്തിൽ ഇവളുടെ പിതാക്കന്മാരായ കീശിന്റെ വംശ പരമ്പരയിൽ പെട്ടവളായിരുന്നു എസ്ഥേർ. മൊർദ്ദെഖായിക്ക്, അവൾ സ്വന്തം മകളെപ്പോലെയായിരുന്നു.

അന്ന് രാജ്യം ഭരിച്ചിരുന്ന അഹശ്വേരോശ് ചക്രവർത്തി ഏഴു ദിവസത്തെ ഒരു വലിയ വിരുന്ന് നടത്തിയിരുന്നു. രാജ്ഞിയും സ്ത്രീകൾക്ക് ഒരു വിരുന്ന് നടത്തിയിരുന്നു. രാജ്യത്തിലെ ശ്രേഷ്ഠന്മാരായ അതിഥികൾക്ക് വസ്ഥി രാജ്ഞിയുടെ സൗന്ദര്യം കാണിക്കേണ്ടതിന് അവളെ രാജസന്നിധിയിലേക്ക് കൊണ്ടു വരുവാൻ ഷണ്ഡന്മാരോട് കല്പിച്ചു. രാജ്ഞി രാജസന്നിധിയിലേക്ക് വരുവാൻ വിസമ്മതിച്ചതിനാൽ വസ്ഥിരാജ്ഞിയെ രാജ്ഞിപദവിയിൽ നിന്നും നീക്കം ചെയ്യുവാൻ ചക്രവർത്തി കല്പന പുറപ്പെടുവിച്ചു. രാജ്ഞി രാജകല്പനയെ ധിക്കരിച്ചത് ദേശത്ത് എല്ലായിടവും അറിയുമ്പോൾ പ്രഭു പത്നിമാരും ഭർത്താക്കന്മാരെ അനുസരിക്കാതെ വരുമെന്നതിനാലാണ് രാജ്ഞിയെ നിഷ്കാസനം ചെയ്തത്. സ്ത്രീകൾക്ക് സ്വയം അഹങ്കാരമുണ്ടാ യാൽ അതിന്റെ പ്രതികരണം അനുസരണക്കേടിലാണ്. എഫേസ്യ ലേഖന ത്തിൽ അപ്പൊസ്തലനായ പൗലോസ് എഴുതിയിരിക്കുന്നത് ഭാര്യമാർ ഭർത്താ ക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കണമെന്നാണ്. രാജാവായാലും പ്രജകളായാലും ഭാര്യാഭർത്തൃബന്ധത്തിലെ മാറ്റമില്ലാത്ത ദൈവിക വ്യവസ്ഥ യാണിത്. തല ശരീരമായും ശരീരം തലയായും മാറിയാലുള്ള വൈകൃതം ചിന്തിക്കുക.

വസ്ഥിരാജ്ഞിക്കുപകരം രാജാവിനുവേണ്ടി സുന്ദരിയായ ഒരു സ്ത്രീ രത്നത്തെ തിരഞ്ഞെടുക്കേണ്ടതിന് രാജഭൃത്യന്മാർ രാജ്യത്ത് എല്ലായിടത്തും തിരച്ചിൽ നടത്തി. തിരഞ്ഞെടുക്കുന്നവരെ രാജധാനിയിൽ കൊണ്ടുവന്ന് അവരെ നോക്കാൻ ചുമതലയുള്ള ഷണ്ഡന്മാരെ ഏല്പിക്കുന്നതാണ്. ഇവരുടെ ശുദ്ധീകരണകാലം പന്ത്രണ്ടു മാസം കഴിയുമ്പോൾ പിന്നെ ഒരു മാസം മുറകാത്ത് അന്തഃപുരത്തിൽ കഴിയണം. ആ കാലഘട്ടത്തിൽ ആവശ്യ പ്പെടുന്ന എല്ലാ സുഗന്ധവർഗ്ഗങ്ങളും മറ്റും അവർക്ക് നല്കുന്നതാണ്.

എസ്ഥേർ ഷണ്ഡന്റെ അടുക്കൽ വന്നപ്പോൾ അയാൾക്ക് അവളോട് പ്രത്യേക പ്രതിപത്തിയും പക്ഷവും തോന്നി. (2:9) ദൈവിക കാര്യപരിപാടി യിലെ ഒരു പ്രധാന കണ്ണിയാകാൻ ദൈവം തന്നെ അധികാരികളുടെ മുൻപിൽ അംഗീകരിക്കപ്പെട്ടവളാക്കി. ഓരോരുത്തർക്കും മുറവരുമ്പോൾ രാജസന്നിധി യിലേക്ക് പോകുവാൻ എന്താവശ്യപ്പെട്ടാലും കൊടുക്കുന്നതാണ്. എന്നാൽ എസ്ഥേറിന്റെ മുറ വന്നപ്പോൾ അന്തഃപുരപാലകനായ ഹേഗായി പറഞ്ഞത ല്ലാതെ ഒന്നും അവൾ ചോദിച്ചില്ല. എസ്ഥേറിനെ കണ്ട എല്ലാവർക്കും അവളോട് പ്രീതിയും സ്നേഹവും തോന്നിയിരുന്നു. ചക്രവർത്തിയുടെ അടു ക്കലേക്ക് ആനയിക്കപ്പെട്ടപ്പോൾ ചക്രവർത്തി സകല സ്ത്രീകളേക്കാൾ

അധികമായി എസ്ഥേറിനെ സ്നേഹിച്ചു. സകല കന്യകമാരിലും അധികം കൃപയും പക്ഷവും അവളോട് കാണിച്ചു. അതിന്റെ പ്രതിഭാവമായി ചക്രവർത്തിനിയുടെ കിരീടം അവളുടെ തലയിൽ വച്ച് വസ്ഥിക്കു പകരം അവളെ ചക്രവർത്തിനിയാക്കി.

ദൈവം തിരഞ്ഞെടുക്കുന്നവരെ ആർക്ക് കുറ്റം ചുമത്തുവാൻ കഴിയും? അനാഥരും അശരണരും ഒരു കണ്ണിനുപോലും ദയ തോന്നാതെയും ഇരുന്ന നമ്മെ ദൈവമക്കളായി ദൈവം തിരഞ്ഞെടുത്തു. മാത്രമല്ല, ദത്തെടുത്ത് ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളുമാക്കിയ ദൈവകൃപ മഹത്ത്വത്തിന്റെ പുകഴ്ചയ്ക്ക് നമ്മെ പാത്രീഭൂതരാക്കി. സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങൾക്ക് പാത്രമാക്കുവാൻ ദൈവം പ്രസാദിച്ചു. ദൈവത്തിന് മഹത്ത്വവും സ്തോത്രവും അർപ്പിക്കാം.

മാതാപിതാക്കൾ നഷ്ടപ്പെട്ട് മൊർദ്ദെഖായിയുടെ സംരക്ഷണയിൽ വളർന്ന അവൾ തന്റെ വളർത്തച്ഛന്റെ നിർദ്ദേശപ്രകാരം അവളുടെ ജാതിയോ കുലമോ അറിയിച്ചിരുന്നില്ല. അതൊന്നും പരിഗണിക്കാതെ 127 സംസ്ഥാനങ്ങൾ ഉൾപ്പെട്ട വലിയ സാമ്രാജ്യത്തിന്റെ ചക്രവർത്തിനിപദവിയിൽ എത്തപ്പെട്ടത് എത്ര അത്ഭുതമാണ്. രാജാധിരാജാവും കർത്താധികർത്താവുമായ യേശുക്രിസ്തുവിന്റെ മണവാട്ടിയായിട്ടാണ് നമ്മെ തിരഞ്ഞെടുത്തത്. അല്പമായ ഉപകരണംകൊണ്ട് നല്ലവണ്ണം വേല ചെയ്യുന്ന ശില്പികൾക്ക് ഉടയവനാണ് നമ്മുടെ ദൈവം.

അഹശ്വേരോശിന്റെ സംസ്ഥാനങ്ങളിൽ ചിന്നിച്ചിതറി കിടക്കുന്ന യെഹൂദന്മാർക്ക് ദോഷം ചെയ്യുവാൻ രാജസന്നിധിയിൽ വളരെ സ്വാധീനമുള്ള ഒരാൾ തയ്യാറായി. കാരണം യെഹൂദനായ മൊർദ്ദേഖായി രാജാവിന്റെ മിത്രമായിരുന്ന ഹാമാനേ നമസ്കരിച്ചിരുന്നില്ല. ആഗാഗ്യനായ ഹാമാന് ചക്രവർത്തി ഉന്നത പദവി നല്കി ചക്രവർത്തിയുടെ സദസ്സിലെ സകല പ്രഭുക്കന്മാരിലും മേലായ സ്ഥാനം നല്കി ആദരിച്ചിരുന്നു. രാജഭൃത്യന്മാർ എല്ലാവരും അവനെ വണങ്ങണമെന്ന് ചക്രവർത്തി കല്പന പുറപ്പെടുവിച്ചിരുന്നു. എന്നാൽ മൊർദ്ദെഖായി ഹാമാനെ കുമ്പിടുകയോ നമസ്കരിക്കുകയോ ചെയ്തില്ല. ആ വിവരം അറിഞ്ഞ ഹാമാൻ ഏറ്റം ക്രൂദ്ധനായി. എന്നാൽ കേവലം മൊർദ്ദേഖായിയെ മാത്രം ഉപദ്രവിക്കുന്നതിൽ വലിയ അർത്ഥം ഇല്ല എന്നു തോന്നിയ ഹാമാൻ ദേശത്തു പാർക്കുന്ന സകല യെഹൂദന്മാരേയും നശിപ്പിക്കുവാൻ പദ്ധതിയിട്ടു. ഇതിനിടയിൽ ചക്രവർത്തിയുടെ രണ്ട് അംഗരക്ഷകന്മാർ ചക്രവർത്തിയെ കൊലപ്പെടുത്തുവാൻ ഗൂഢാലോചന നടത്തി. ഇതറിഞ്ഞ മൊർദ്ദേഖായി എസ്ഥേർ മുഖാന്തരം വിവരം ചക്രവർത്തിയെ അറിയിച്ചു. മൊർദ്ദേഖായി മുഖാന്തരമാണ് ഇത് അറിഞ്ഞത് എന്ന് എസ്ഥേർ പ്രത്യേകം അറിയിച്ചിരുന്നു. ചക്രവർത്തിയുടെ ഔദ്യോഗിക അന്വേഷണത്തിൽ സംഗതി ശരിയാണ് എന്നറിഞ്ഞ് അംഗരക്ഷകരെ കൊലമരത്തിൽ തൂക്കിക്കൊന്നു. ഇത് ചക്രവർത്തിയുടെ ദിനവൃത്താന്തത്തിൽ എഴുതി വയ്ക്കുകയും ചെയ്തു.

(എസ്ഥേർ, അടുത്ത ലക്കത്തിൽ തുടരും) ●

# മീഖൾ

മേരി അഞ്ചൻ, തുംകൂർ

ഹന്ന ഇസ്രയേലിനു നല്കിയതു മോശെയുടെ കാലശേഷമുണ്ടായിട്ടുള്ള ഏറ്റവും വലിയ പ്രവാചകനും അവസാനത്തെ ന്യായാധിപനുമായ ശമുവേലിനെയായിരുന്നു. ശമുവേൽ വൃദ്ധനായപ്പോൾ തന്റെ മക്കളെ ന്യായാധിപന്മാരാക്കിയെങ്കിലും അവർ പിതാവിന്റെ വഴികളിൽ നടന്നില്ല. അവർ ദുരാഗ്രഹികളും ദുർമ്മാർഗചാരികളുമായിരുന്നതിനാൽ ഇസ്രയേൽ മക്കൾ 'സകലജാതികൾക്കും ഉള്ളതുപോലെ ഒരു രാജാവിനുവേണ്ടി അപേക്ഷിക്കുന്നു (1 ശമു: 8:1–6). അങ്ങനെ ദൈവനിയോഗത്താൽ ശമുവേൽ ശൗലിനെ രാജാവായി അഭിഷേകം ചെയ്യുന്നു.

ശൗൽരാജാവിനു യോനാഥാൻ ഉൾപ്പെടെ മൂന്നു പുത്രന്മാരും രണ്ടു പുത്രിമാരുമുണ്ടായിരുന്നു. മൂത്ത മകൾക്കു മേരെബ് എന്നും ഇളയവൾക്കു മീഖൾ എന്നും പേർ.

ഗഥ്യനായ ഗൊല്യാത്ത് എന്ന ഫെലിസ്ത്യമല്ലൻ ഇസ്രയേലിനെ യുദ്ധത്തിനു വെല്ലുവിളിച്ചപ്പോൾ, അവനോടു പൊരുതുവാനുള്ള ധൈര്യം ആർക്കുമുണ്ടായിരുന്നില്ല. അതുകൊണ്ട് അവനോടു യുദ്ധം ചെയ്തു ജയിക്കുന്നവനു ശൗൽ തന്റെ മകളായ മേരെബിനെ ഭാര്യയായി നല്കുമെന്നു പ്രഖ്യാപിച്ചു. യെഹൂദയിലെ ബേത്ത്ലെഹേമ്യനായ യിശ്ശായിയുടെ മകൻ ദാവീദ് എന്ന യുവാവ് മല്ലനെ കൊന്നു. ശൗൽ തന്റെ മകളെ ദാവീദിനു ഭാര്യയായി വാഗ്ദാനം ചെയ്തു. എന്നാൽ ഫെലിസ്ത്യമല്ലനെ ദാവീദു കൊന്നപ്പോൾ ഇസ്രയേല്യസ്ത്രീകൾ വാദ്യഘോഷത്തോടെ ഗാനപ്രതിഗാനമായി 'ശൗൽ ആയിരത്തെ കൊന്നു; ദാവീദോ പതിനായിരത്തെ' എന്നു പാടി. അപ്പോൾ ശൗലിനു ദാവീദിനോടു തീവ്രമായ കോപം ജ്വലിച്ചു. അങ്ങനെ മേരെബിനെ ദാവീദിനു കൊടുക്കാതെ മെഹോലാത്യനായ അദ്രിയേലിനു ഭാര്യയായി കൊടുത്തു.

ശൗലിന്റെ ഇളയമകൾ ദാവീദിനെ സ്നേഹിച്ചിരുന്നു. മീഖൾ ദാവീദിനു ഒരു കെണിയായിത്തീർന്നാൽ അവനെ നശിപ്പിക്കുവാൻ സൗകര്യമായിത്തീരുമല്ലോ എന്നു ശൗൽ രാജാവു കരുതി. തന്റെ മരുമകനാകണമെങ്കിൽ, ഫെലിസ്ത്യരുടെ നൂറു അഗ്രചർമ്മമല്ലാതെ മറ്റൊന്നും സ്ത്രീധനമായി ആഗ്രഹിക്കുന്നില്ല എന്നു ദാവീദിനെ അറിയിച്ചു. ഫെലിസ്ത്യരാൽ ദാവീദു കൊല്ലപ്പെടട്ടെ എന്നു ശൗൽ കരുതിയിരുന്നു. എന്നാൽ യഹോവ ദാവീദിനോടു കൂടെയുണ്ടെന്നും, മീഖൾ അവനെ സ്നേഹിക്കുന്നു എന്നും മനസ്സിലാക്കിയ ശൗൽ ദാവീദിനെ നിത്യശത്രുവായി കരുതി. അവൻ ഒരു പേടിസ്വപ്നമായിത്തീർന്നു.

മീഖൾ ദാവീദിന്റെ ഭാര്യയായിരുന്നെങ്കിലും ദാവീദിനെ കൊല്ലുവാൻ ശൗൽ തുടരെ ശ്രമിച്ചു കൊണ്ടിരുന്നു. ഒരിക്കൽ ദാവീദിനെ കാത്തു നിന്നു പിടിക്കുവാൻ ശൗൽ അവന്റെ വീട്ടിലേക്കു ദൂതന്മാരെ അയച്ചു. ആപത്ഘട്ടത്തിൽ വിവേകത്തോടും ധൈര്യത്തോടും പ്രവർത്തിക്കുവാനുള്ള പ്രത്യേക

കഴിവ് മീഖളിനുണ്ടായിരുന്നു. ബുദ്ധിമതിയായ അവൾ രാത്രിയിൽ തന്നെ ദാവീദിനെ കിളിവാതിലിലൂടെ ഇറക്കിവിട്ട് രക്ഷപ്പെടുത്തുന്നു. പകരം ഒരുബിംബത്തെ ദാവീദിന്റെ കിടക്കമേൽ കിടത്തി. അതിന്റെ തലയ്ക്കു കോലാട്ടുരോമം കൊണ്ടുള്ള മൂടിയും ഇട്ട് ഒരു വസ്ത്രമെടുത്ത് പുതപ്പിച്ചു.

പിറ്റേന്നു ദാവീദിനെ പിടിക്കാൻ ദൂതന്മാർ വന്നപ്പോൾ അവൻ ദീനമായി ക്കിടക്കുന്നു എന്നു മീഖൾ പറഞ്ഞയച്ചു. എന്നാൽ നിർവികാരനും വിവേക ശൂന്യനുമായ രാജാവ് ദാവീദിനെ കിടക്കയിൽ തന്നെ കൊല്ലുന്നതിന് കിടക്ക യോടെ തന്റെ മുമ്പിൽ ഹാജരാക്കുവാൻ ആജ്ഞാപിച്ചു. ഇത്രമാത്രം നിഷ്ഠുരനും കോപിഷ്ഠനുമായ ഒരു പിതാവിനെ ചതിയിൽപ്പെടുത്തിയ ശേഷം അദ്ദേഹത്തെ അഭിമുഖീകരിക്കുവാൻ എള്ളിട ഭയമില്ലാത്ത ഒരു മകളാ യിട്ടാണു മീഖളിനെ നാം കാണുന്നത്. ഒരു പക്ഷേ, തന്നെ അപമാനിച്ച മകളെ കൊല്ലുവാനും മടിയില്ലാത്ത പിതാവായിരുന്നു ശൗൽ. മരുമകനെ കാട്ടുമൃഗ ത്തെപ്പോലെ വേട്ടയാടി കൊല്ലുവാൻ നടന്ന ഒരു പിതാവിനു മകളെ കൊല്ലുന്നതും നിഷ്പ്രയാസമായ കാര്യമായിരുന്നു. എന്നാൽ തക്ക സമാധാനം അവൾക്കുണ്ടായിരുന്നു: “എന്നെ വിട്ടയയ്ക്ക, അല്ലെങ്കിൽ ഞാൻ നിന്നെ കൊല്ലും എന്ന് അവൻ എന്നോടു പറഞ്ഞു” എന്നു മീഖൾ പിതാവിനു ഉത്തരം നല്കി. അങ്ങനെ പിതാവിന്റെ ക്രോധാഗ്നിയിൽ നിന്നു രക്ഷപ്പെട്ട അവൾ കള്ളമാണു പറഞ്ഞതെങ്കിലും അവളുടെ അനിതരസാധാരണമായ ധൈര്യവും വിവേകവും ശ്ലാഘനീയമാണ്.

ദാവീദിനെ മീഖൾ സ്നേഹിച്ചിരുന്നെങ്കിലും ദാവീദിന്റെ ദൈവത്തെ അവൾ സ്നേഹിച്ചിരുന്നു എന്നു പറയുവാൻ കഴികയില്ല. എങ്ങനെ ആയിരു ന്നാലും വിഗ്രഹത്തെ സേവിച്ചിരുന്നു എന്നത് സുവിദിതമാണ്. 1 ശമു.19:13 -ൽ കാണുന്ന വിഗ്രഹത്തിനു ഒരാൾ വലുപ്പമുണ്ടായിരുന്നു എന്നു വിചാരിക്കാം. ആ വിഗ്രഹത്തെ ആയിരിക്കാം അവൾ ആരാധിച്ചിരുന്നത്.

അതിനുശേഷം കുറേക്കാലത്തേക്കു ദാവീദ് ഒളിവിൽ ജീവിക്കേണ്ടതായി വന്നു. എന്നാൽ ശൗലിന്റെ മകനും മീഖളിന്റെ സഹോദരനുമായിരുന്ന യോനാഥാൻ ദാവീദിനെ സ്വന്തപ്രാണനെപ്പോലെ സ്നേഹിച്ചതിനാൽ, അവന്റെ പ്രാണൻ രക്ഷിക്കാൻ തന്നാൽ ആവോളം യത്നിച്ചു; ദാവീദുമായി ഉടമ്പടിയും ചെയ്തു. ദാവീദ് നോബിലും പിന്നീടു ഗത്തിൽ ആഖീശ് രാജാ വിന്റെ അരമനയിലും പാർത്തു. എന്നാൽ, ദാവീദിനെ അവിടെയുള്ളവർ തിരിച്ചറിഞ്ഞതിനാൽ, അവരെ ഭയന്ന് അവിടെ നിന്നും ഓടി അദുല്ലാം ഗുഹയിൽ ഒളിവിൽ പാർത്തു. അതിനുശേഷം മോവാബ് രാജാവിനെ അഭയം തേടി പ്രാണരക്ഷാർത്ഥം മരുഭൂമിയിലെ ദുർഗ്ഗങ്ങളിലും പാർക്കാൻ നിർബന്ധി തനായി. ഈ സമയത്തൊക്കെയും ശൗൽ ദാവീദിനെ കൊല്ലുന്നതിന് അന്വേഷിച്ചുകൊണ്ടിരുന്നു. തന്റെ ശ്വശുരൻ തന്നെ ഏറ്റവും വലിയ ശത്രുവായിത്തീരുകയും തന്റെ പ്രാണനെ വേട്ടയാടുകയും ചെയ്തതിനാൽ, കുടുംബജീവിതം തകർന്നു. ദാവീദിന്റെ ഭാര്യയായിരുന്ന തന്റെ മകളെ ശൗൽ ലായീശിന്റെ മകനായ ഫൽതിയേലിനു ഭാര്യയായി കൊടുത്തു (1 ശമു.25:44). ഒരു പക്ഷേ, ഈ കാര്യത്തിൽ മീഖളിനും എതിരില്ലായിരുന്നു എന്നു തോന്നുന്നു. ദാവീദിനെ കിളിവാതിലിൽകൂടി രക്ഷപ്പെടുത്തിയ സന്ദർഭത്തിൽ രോഷാകുലനായിരുന്ന തന്റെ പിതാവിനെ എതിരിടുന്നതിനുണ്ടായിരുന്ന

ധൈര്യം ഈ ഘട്ടത്തിൽ അവൾ പ്രദർശിപ്പിക്കുന്നില്ല. അങ്ങനെ ഫൽതിയേൽ മീഖളിന്റെ ഭർത്താവായിത്തീർന്നു. ദാവീദും മീഖളും തമ്മിൽ ദീർഘനാളുകൾക്കു ശേഷമാണു കാണുന്നത്. അതിനിടയ്ക്ക് ദാവീദ് നാബാലിന്റെ വിധവയായ കർമ്മേൽകാരി അബീഗയിലിനെയും ഇസ്രയേൽക്കാരി അഹീനോവിനെയും വിവാഹം കഴിച്ചു. ബഹുഭാര്യത്വം നടപ്പിലാക്കിയിരുന്ന കാലമായിരുന്നു അത്.

ശൗലിന്റെ ഭരണാനന്തരം ദാവീദ് രാജാവായിത്തീരുന്നു. അപ്പോൾ ദാവീദ് മീഖളിനെ തിരികെ ആവശ്യപ്പെടുന്നു (2 ശമു.3:12-13). അവളെ അവളുടെ ഭർത്താവായ ഫൽതിയേലിന്റെ അടുത്തുനിന്നു പിടിച്ചു കൊണ്ടു വരുമ്പോൾ, അയാൾ കരഞ്ഞുകൊണ്ടു പിന്നാലെ വന്നു എന്നു കാണുന്നു (വാ.16). അവരുടെ കുടുംബജീവിതം സന്തോഷപ്രദമായിരുന്നു എന്ന് ഇതിൽ നിന്ന് ഊഹിക്കാം. എന്നാൽ രാജാവെന്ന നിലയിൽ തന്റെ ഇഷ്ടം നിറവേറ്റുന്നതിനു എന്തും ചെയ്യാനുള്ള അധികാരം ദാവീദിനുണ്ടായിരുന്നു.

ദാവീദിന്റെ ജീവിതത്തിൽ ബലഹീനതകളുണ്ടായിരുന്നെങ്കിലും ദൈവവുമായി അവനുണ്ടായിരുന്ന അഗാധബന്ധം മനസ്സിലാക്കുവാൻ മീഖളിനു കഴിഞ്ഞിരുന്നില്ല. ദാവീദിനെ സഹായിച്ച യഹോവയുടെ പുരോഹിതന്മാരെ ശൗൽ വെട്ടിക്കൊന്നു. ശൗൽ അനുചരരോടൊത്ത് ദാവീദിനെത്തേടി കാടും മലയും ഗഹ്വരങ്ങളുമെല്ലാം അലഞ്ഞുതിരിയുന്ന വേളയിൽ, ഒരിക്കൽ ഏൻഗദി മരുഭൂമിയിലും മറ്റൊരിക്കൽ സീഫ് മരുഭൂമിയിലും ഉറങ്ങിക്കിടക്ക ശൗലിനെ യഹോവ ദാവീദിന്റെ കൈയിലേല്പിച്ചു; എങ്കിലും 'യഹോവയുടെ അഭിഷിക്തന്റെ മേൽ കൈവയ്ക്കരുത്' എന്നു പറഞ്ഞുകൊണ്ട് ദാവീദ് അവനു യാതൊരു ദോഷവും ചെയ്തില്ല. കൂടാതെ ശൗലിന്റെ സകലഭൃത്യന്മാരിലും ഏറ്റവും വിശ്വസ്തൻ എന്നപേരു ആർജ്ജിച്ച ദാവീദിനെ ശരിയായി മനസ്സിലാക്കാനോ, ബഹുമാനിപ്പാനോ, മീഖളിനു കഴിഞ്ഞില്ല. ദൈവത്തിന്റെ പെട്ടകം ഓബേദ്- ഏദോമിന്റെ വീട്ടിൽ നിന്നു ദാവീദിന്റെ നഗരത്തിലേക്കു കൊണ്ടുവന്ന ആ ദിവസം ദാവീദ് ദൈവമുമ്പാകെ ഏറ്റവും സന്തോഷിച്ചു (2 ശമു. 6:12 മുതലുള്ള ഭാഗം). ദാവീദ് രാജവസ്ത്രം അഴിച്ചുവച്ചു. രാജാധിരാജാവായ യഹോവയുടെ മുമ്പാകെ 'പഞ്ഞിനൂലങ്കി ധരിച്ചുകൊണ്ട് പൂർണ്ണ ശക്തിയോടെ' നൃത്തം ചെയ്തു. തന്റെ കൊട്ടാരത്തിനുള്ളിൽ നിന്നു ജനാലയിൽകൂടെ പട്ടണത്തിലേക്കു നോക്കിയ മീഖൾ രാജ്ഞി കണ്ടകാഴ്ച അവളെ കുപിതയാക്കിത്തീർത്തു. ഇസ്രയേൽ രാജാവായ തന്റെ ഭർത്താവു രഥത്തിൽ എഴുന്നെള്ളുന്നതിനുപകരം തന്നെത്താൻ താഴ്ത്തി നിസ്സാരന്മാരിൽ ഒരുവനെപ്പോലെ ജനത്തിന്റെ മധ്യേ നൃത്തം ചെയ്തതിനാൽ അവൾ അവനെ ഹൃദയത്തിൽ നിന്ദിച്ചു.

പ്രത്യേകമായി ഒരുക്കപ്പെട്ടിരുന്ന സ്ഥാനത്തു പെട്ടകം പ്രതിഷ്ഠിച്ചതിനു ശേഷം യഹോവയുടെ സന്നിധിയിൽ യാഗങ്ങൾ അർപ്പിച്ച് ദാവീദ് അവനെ ആരാധിച്ചു. സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ ജനത്തെ അനുഗ്രഹിച്ച് അനന്തരം തന്റെ കുടുംബത്തെ അനുഗ്രഹിപ്പാനായി അരമനയിലേക്കു മടങ്ങി വന്നപ്പോൾ മീഖൾ അവനെ എതിരേറ്റു ചെന്നു. തന്റെ ഉള്ളിൽ ജ്വലിച്ചുകൊണ്ടിരുന്ന കോപാഗ്നി വാഗ്രൂപേണ നിരർഗളം ബഹിർഗമിച്ചു. 'നിസ്സാരന്മാരിൽ ഒരുവൻ തന്നെത്താൻ അനാവൃതനാക്കുന്നതുപോലെ ഇന്നു തന്റെ

ദാസന്മാരുടെ ദാസികൾ കാൺകെ തന്നെത്താൻ അനാവൃതനാക്കിയ ഇസ്രയേൽരാജാവ് ഇന്നു എത്ര മഹത്ത്വമുള്ളവൻ' എന്നു പുച്ഛിച്ചു (2 ശമു.6:20). എന്നാൽ ദാവീദിന്റെ മറുപടിയിൽ നിന്നു മീഖളിന്റെ അഭിപ്രായത്തിനു അവൻ യാതൊരു വിലയും കല്പിച്ചില്ലെന്നും ഇരുവർക്കും മാനസികമായ ഐക്യം ഉണ്ടായിരുന്നില്ലെന്നും മനസ്സിലാക്കുവാൻ കഴിയും. പ്രേമാർദ്രനായ ഭർത്താവ് എന്നതിനേക്കാൾ സർവ്വാധികാരിയായ ഒരു രാജാവ് എന്ന ബന്ധമായിരിക്കാം ഫൽതിയേലിൽനിന്ന് ബലാല്കാരമായി കൊണ്ടുവന്ന മീഖളിനു ദാവീദിനോടുണ്ടായിരുന്നത്!

മീഖളിന്റെ ജീവിതാരംഭം മനോഹരമായിരുന്നു. എന്നാൽ അവളുടെ അന്ത്യം ദുഃഖപൂരിതമായിരുന്നു. ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടു. ദുരാത്മാവു ബാധിച്ച പിതാവായ ശൗലും, സഹോദരനായ യോനാഥാനും ഗിൽബോവാ പർവ്വതത്തിൽ വച്ച് ഫെലിസ്ത്യരാൽ കൊല്ലപ്പെട്ടു. പിതൃശിരസ്സ് ശത്രുക്കൾ വെട്ടിയെടുത്ത് ഫെലിസ്ത്യദേശത്തെല്ലാം കൊടുത്തയച്ചു. മീഖളിനു മക്കളുണ്ടായിരുന്നില്ല. അവളുടെ സഹോദരി മേരെബ് അദ്രിയേലിനു പ്രസവിച്ച അഞ്ചു പുത്രന്മാരെ സ്വന്തം മക്കളെപ്പോലെ അവൾ വളർത്തി. 2 ശമു. 21:8-ൽ മീഖളിന്റെ മക്കൾ എന്നു പറഞ്ഞിരിക്കുന്നത് വളർത്തു മക്കളാണ്. അവരെ അഞ്ചുപേരെയും ഗിബെയോന്യർ തൂക്കിക്കൊന്നു ശൗലിനോടുള്ള പകവീട്ടി. എന്നാൽ ശോകസമ്പൂർണ്ണമായ അന്ത്യഘട്ടത്തിൽ പോലും മീഖൾ യഹോവയെ ആശ്രയിച്ചതായി കാണുന്നില്ല.

'ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള' (1 ശമു.13:14 A man after my own heart) മനുഷ്യനായ ദാവീദിന്റെ പത്നിയായിരുന്ന മീഖളിന് ആ ദൈവത്തെ തന്റെ ആശ്രയദുർഗമായി സ്വീകരിക്കുവാൻ കഴിയാതെ പോയത് ഖേദകരം തന്നെ.

(ശ്രീമതി മേരി അഞ്ചന്റെ 'വേദവനിതകൾ' എന്ന പുസ്തകത്തിൽ നിന്നും Ed.)


## ഓൺലൈൻ ബൈബിൾ സ്റ്റഡി

ഗുഡ്ന്യൂസ് കറസ്പോണ്ടൻസ് കോഴ്സുകൾ ഇനി മുതൽ ലോകത്തിന്റെ ഏതുഭാഗത്തുള്ള മലയാളിക്കും ഇന്റർനെറ്റുവഴി സൗജന്യമായി പഠിച്ച് ഡിപ്ലോമാ കരസ്ഥമാക്കുവാൻ സാധിക്കും. പത്തു യൂണിറ്റുകൾ ഉള്ള ഡിപ്ലോമാ പ്രോഗ്രാം പഠിക്കുന്നതിന് http://www.gncs.org/moodle എന്നു ടൈപ്പു ചെയ്താൽ ഗുഡ്ന്യൂസ് വെബ്സൈറ്റ് താങ്കൾക്കായി തുറക്കപ്പെടും.

# നാം ദൈവത്തിനു ക്രിസ്തുവിന്റെ സൗരഭ്യവാസനയാകുന്നുവോ?

**എൽസി ബേബി, ന്യൂ യോർക്ക്**

"ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും എല്ലായിടത്തും ഞങ്ങളെക്കൊണ്ട് തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം. രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിനു ക്രിസ്തുവിന്റെ സൗരഭ്യവാസനയാകുന്നു." (2 കൊരി. 2:14–17) ദൈവമക്കൾ തന്റെ പുത്രനായ യേശുക്രിസ്തുവിനേപ്പോലെ ആകണമെന്ന് ഒരു പിതാവെന്ന നിലയിൽ ദൈവത്തിനു നിർബന്ധമുണ്ട്. പാപച്ചേറ്റിൽ കിടന്ന നമ്മെ, കുഷ്ഠരോഗികളെപ്പോലെ അശുദ്ധരായിരുന്ന നമ്മെ, മരിച്ചു നാറ്റം വമിക്കുന്ന അവസ്ഥയിലായിരുന്ന നമ്മെ വീണ്ടെടുത്ത് രക്ഷിച്ച് പാപക്കറകൾ കഴുകി ശുദ്ധീകരിച്ച്, നീതീകരിച്ച്, നിർമ്മലീകരിച്ച് തന്റെ ഭവനത്തിലേക്കു സ്വീകരിച്ച് സ്വന്തം മക്കളെന്ന പദവി നല്കുവാൻ പിതാവ് നല്കിയ വില അത്ര ചെറുതൊന്നുമല്ല. തന്റെ ഏകജാതനായ പ്രിയപുത്രന്റെ തിരുരക്തം! നിർമ്മലനായ പാപമറിയാത്തവനായ, പാപം ചെയ്യാത്തവനായ ദൈവപുത്രന്റെ പുണ്യരക്തം ചൊരിയുവാൻ അനുഭവിച്ച ദണ്ഡനങ്ങളും കഷ്ടപ്പാടുകളും, അടികളും, ഇടികളും, മുറിവുകളും ഒക്കെ ചിന്തിക്കുവാനോ മനസ്സിലാക്കുവാനോ നമ്മുടെ സാധാരണ ബുദ്ധിക്കു സാധിക്കുന്നതല്ല. ക്രൂശുമരണത്താൽ ക്രിസ്തു ഒരു ഹോമയാഗമായി അർപ്പിക്കപ്പെടുകയായിരുന്നു. നമുക്കു ലഭിക്കേണ്ടിയിരുന്ന നരകാഗ്നിയിൽ ക്രിസ്തു വെന്തെരിഞ്ഞു. തന്റെ അവസാനതുള്ളി രക്തം വരെ ഊറ്റിയൊഴിച്ചു! അതത്ര നിസ്സാരകാര്യമാകുന്നുവോ? നാം അനുഭവിക്കേണ്ടിയിരുന്ന ശിക്ഷാവിധിയെല്ലാം തന്റെ പുത്രന്റെമേൽ ചൊരിഞ്ഞ് അവനെ ആ ശാപഗ്രസ്തമായ കുരിശിൽ പിതാവു തകർത്തു കളഞ്ഞത് നമ്മെ സ്നേഹിച്ച മഹാസ്നേഹം കൊണ്ടു മാത്രമാകുന്നു. അതു വിശ്വസിപ്പാൻ നമുക്കു ലഭിച്ച വിശ്വാസം എത്ര വിലയേറിയതാകുന്നു! കൃപയാലെ വിശ്വാസംമൂലം ദൈവഭവനത്തിൽ ദൈവമക്കളായി വീണ്ടും ജനിച്ച ദൈവമക്കൾ പുതിയ സൃഷ്ടിയായി തന്റെ പുത്രനോട് അനുരൂപരായി ഈ ഭൂമിയിൽ ജീവിക്കണം. ക്രിസ്തുവിന്റെ പത്രമായി മറ്റുള്ളവർ വായിക്കണം. ക്രിസ്തുവിന്റെ സൗരഭ്യവാസന നമ്മിൽ നിന്നും മറ്റുള്ളവരിലേക്കും ദൈവത്തിങ്കലേക്കും വമിക്കണം. എങ്ങനെയാണ് നാം ക്രിസ്തുവിന്റെ സൗരഭ്യവാസനയാകേണ്ടത്? പുഷ്പങ്ങളിൽ നിന്നും വാറ്റി എടുക്കുന്ന സുഗന്ധതൈലം പോലെ തന്നെ! അതെങ്ങനെയെന്നു നോക്കാം.

സാധാരണ പുഷ്പങ്ങൾ വിടരുന്നതും സൗരഭ്യം പരത്തുന്നതും രാത്രികാലങ്ങളിലാകുന്നു. രാവിലേതന്നെ അവയെ അറുത്തെടുത്ത് ഇടിച്ചുപിഴിഞ്ഞ് നീരെടുത്ത് അതിൽ നിന്നുമാണ് സുഗന്ധദ്രവ്യങ്ങളുണ്ടാക്കി വില്പനയ്ക്കു തയ്യാറാക്കുന്നത്. പല വിധങ്ങളായ വ്യഞ്ജനങ്ങൾ ഇടിച്ചു

പൊടിച്ച് എണ്ണയിൽ ചാലിച്ചും സുഗന്ധദ്രവ്യങ്ങൾ ഉണ്ടാക്കാറുണ്ട്. ദൈവാലയ ശുശ്രൂഷകൾക്കായി തയ്യാറാക്കുന്ന സുഗന്ധതൈലത്തെക്കുറിച്ച് തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നു. അതുപോലെ തന്നെ ദൈവമക്കളെ ചില പരിശോധനകളിൽകൂടെ, ദുഃഖങ്ങളിൽകൂടെ പീഡനങ്ങളിൽകൂടെ, പ്രതിസന്ധികളിൽകൂടെ കടത്തിവിടുന്നത് അവരിലുള്ള ക്രിസ്തുവിന്റെ സൗരഭ്യം വാറ്റി എടുക്കുവാനാകുന്നു. അങ്ങനെയുള്ള പരിശോധനകളിൽ കൂടെ കടന്നുപോകുമ്പോൾ യഥാർത്ഥ ദൈവമക്കൾ പതറുകയില്ല, പരിഭ്രമിക്കയില്ല, തളരുകയില്ല, പിറുപിറുക്കയില്ല. പിന്നെയോ അവർ ഉല്ലസിച്ചാനന്ദിക്കും, പാട്ടുകൾ പാടും, സ്തുതിസ്തോത്രയാഗങ്ങൾ അർപ്പിക്കും. അതിൽ നിന്നും ഉയരുന്ന സുഗന്ധം പിതാവു മണക്കും, സന്തോഷിക്കും, മഹത്ത്വപ്പെടും. മാത്രമല്ല അവരെ കാണുന്നവർ അതിശയിക്കും. അവരുടെ ധൈര്യം, വിശ്വാസം, സന്തോഷം, സ്നേഹം, സമാധാനം ഇവയൊക്കെക്കണ്ട് അവർ അത്ഭുതപ്പെടും. അവരോട് ചോദിക്കും. ദൈവമക്കൾ ആ രഹസ്യം അവരോടു പറയുമ്പോൾ അവർ വിശ്വസിച്ച് ഈ രക്ഷിതാവിനെ ഞങ്ങൾക്കും വേണം എന്നു പറയും. ഈ സൗരഭ്യം ഞങ്ങൾക്കും വേണം എന്ന് അവർ വാഞ്ഛിക്കും. അങ്ങനെ അവരും ക്രിസ്തുവിൽ വിശ്വസിച്ച് അവനെ തങ്ങളുടെ കർത്താവും രക്ഷിതാവുമായി അംഗീകരിപ്പാനിടയാകും. അവർ ദൈവമക്കളായി വീണ്ടും ജനിച്ച് നമ്മോടു കൂടെ ചേരും. കൂടുതൽ സുഗന്ധമുണ്ടാകുവാനിടയാകും.

പ്രിയമുള്ളവരെ, നാം വാസ്തവത്തിൽ ക്രിസ്തുവിന്റെ സൗരഭ്യം പരത്തുന്നവരാകുന്നുവോ? അടിക്കടി നേരിടുന്ന പരിശോധനകളിൽ പതറുന്നവരോ? തളരുന്നവരോ? പിറുപിറുക്കുന്നവരോ ആകുന്നുവോ? നമ്മെ തീയ്യിൽ കൂടെ ശോധന ചെയ്യുന്നതു നമ്മെ കത്തിച്ചു ചാമ്പലാക്കുവാനല്ല; പിന്നെയോ പൊന്നുപോലെ തിളങ്ങുന്ന പാത്രങ്ങളാക്കുവാനാകുന്നു. കഷ്ടതകളിലും നഷ്ടങ്ങളിലും കണ്ണുനീരിലും കൂടെ കടത്തി വിടുന്നത് നമ്മെ തകർക്കുവാനോ, നശിപ്പിക്കുവാനോ അല്ല, നമ്മിലുള്ള സുഗന്ധം ഊറ്റി എടുക്കുവാനാകുന്നു എന്നോർക്കുക. നാം ദൈവത്തിനു ക്രിസ്തുവിന്റെ സൗരഭ്യ വാസനയാകുന്നതുപോലെ ധന്യമായ മറ്റൊന്നുമില്ല എന്നോർത്തു സന്തോഷിക്കുക! നമ്മുടെ പ്രായോഗിക ജീവിതം കൊണ്ട് നാം അതു വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. "ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ. ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിക്കുമ്പോഴുണ്ടാകുന്ന സൗരഭ്യമാണ് ദൈവത്തിനും മനുഷ്യർക്കും ആസ്വാദ്യകരമായിത്തീരുന്നത്. ത്യാഗപൂർവ്വമായ സ്നേഹം, ദയ, മനസ്സലിവ്, ക്ഷമ, സത്പ്രവൃത്തികൾ, ദാനം ഇവയാകുന്നു നമ്മിലുണ്ടാകേണ്ട സൗരഭ്യം. സ്വച്ഛജടാമാംസി തൈലത്തിന്റെ കുപ്പി പൊട്ടിച്ചു തൈലം പുറത്തു വന്ന് സൗരഭ്യം പകർന്നതുപോലെ തന്നെ നമ്മിലുള്ള ക്രിസ്തുവിന്റെ സൗരഭ്യം നിറഞ്ഞ വാസന പുറത്തു പരക്കണമെങ്കിൽ നമ്മുടെ സ്വയത്തെ, ജഡത്തെ യാഗമായി അർപ്പിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ആകുവാൻ നമുക്കുത്സാഹിക്കാം. കർത്താവ് കൃപ ചെയ്യട്ടെ!

●

# കൈക്കൂലി വാങ്ങണമോ?

അന്നമ്മ സി.ജോൺ, തിരുവനന്തപുരം

ഇക്കാലത്ത് വരുവാനുള്ളവൻ യേശുവല്ലാതെ പലരേയും കാത്തിരിക്കേണ്ട ഒരു സാഹചര്യത്തിലാണ്. യേശുക്രിസ്തുവിനെ ഇന്നു ജീവിച്ചിരിക്കുന്നവർ ആരും കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ പടവും ആരും എടുത്തിട്ടില്ല. എന്നാൽ ഇന്നുള്ള ലോകം യേശുക്രിസ്തുവിന്റെ വേഷത്തിൽ നടന്ന് പലരേയും തെറ്റിക്കുന്നു. അവർക്ക് ന്യായമായ ശിക്ഷാവിധിയും അടുത്തിരിക്കുന്നു. യേശുക്രിസ്തു ഹൃദയങ്ങളേയും അന്തരിന്ദ്രിയങ്ങളേയും അറിയുന്നവനും മനുഷ്യന്റെ നിരൂപണം ദൂരെ നിന്നു ഗ്രഹിക്കുന്നവനും ആണ്. അവൻ വന്ന് ഭൂലോകത്തെ നീതിയോടെ ഭരിക്കും. ഇന്ന് ലോകത്തിൽ നീതിയില്ല. ഏതുകാര്യവും സാധിക്കണമെങ്കിലും കൈക്കൂലി കൊടുക്കണം. കൈക്കൂലി കൂടാതെ ഒരു കാര്യവും സാധിക്കുകയില്ല. കൈയിൽ വാങ്ങിക്കുകയില്ല. കാരണം കൈക്കൂലി എന്നു പേരാകും. അതിനു മേശയുടെ ഡ്രാ തുറന്നു വച്ചിരുന്നാൽ മനുഷ്യർ ഇട്ടു കൊള്ളും. അതിൽ കല്ലുവാരി ഇടുവാൻ തന്റേടമുള്ളവർ ഉണ്ടായിരുന്നുവെങ്കിൽ കൊള്ളായിരുന്നു എന്ന് ആഗ്രഹിച്ചു പോകുന്നു. ഇവർ ഗവൺമെന്റിൽ നിന്നും ശമ്പളം പറ്റുന്നു. അതുമതി എന്നു വയ്ക്കുക. അവരവർക്ക് കിട്ടുന്ന ശമ്പളം മതി എന്നു വയ്ക്കുക. ആരോടും അന്യായമായി ഒന്നും വാങ്ങരുതെന്ന് വേദപുസ്തകം പറയുന്നു. നീതിയായ് നടക്കുക, അരയ്ക്കു സത്യം, നീതി കവചവും ആയി ജീവിക്കുക. അതാണ് വിശ്വാസിക്കു വേണ്ടത്. അവിശ്വാസിയേക്കാൾ അധമനായി ജീവിക്കുന്ന വിശ്വാസികൾ എവിടെ ചെന്നാലും പണം പണമെന്ന ചിന്തയേയുള്ളൂ. പണമില്ലെങ്കിൽ നീതിമാനായ ദൈവത്തോടു ചോദിക്കുക. അതല്ലാതെ ഒരു സിറ്റിംഗിന് 150 രൂപ അഡ്മിഷൻ ഫീസ് ഈടാക്കിയല്ല ദൈവവചനം വിഭാഗിച്ചു കൊടുക്കേണ്ടത്. ക്രിസ്തീയ ജീവിതം സൗഭാഗ്യജീവിതമാണ്.

ഞങ്ങൾ ഒരു പ്രാവശ്യം മകളുടെ പാസ്പോർട്ട് ആപ്ളിക്കേഷൻ കൊടുത്തപ്പോൾ വേരിഫിക്കേഷനു ഉദ്യോഗസ്ഥനു കൈമടക്കുകൊടുത്തില്ല. ആയതിനാൽ 100 രൂപയ്ക്കു പകരം 600 രൂപ ഞങ്ങൾ ചെലവാക്കേണ്ടി വന്നു. സത്യത്തിനുവേണ്ടി നിന്നാൽ നഷ്ടവും സഹിക്കണം. ആ നഷ്ടം ഞങ്ങൾക്കു നഷ്ടമായി തോന്നിയില്ല. ഞങ്ങളുടെ നല്ല മനസ്സാക്ഷി ഞങ്ങളെ കുറ്റം വിധിച്ചില്ല. ഇവർക്ക് ഗവൺമെന്റ് ശമ്പളം കൊടുക്കുന്നില്ലേ. ശമ്പളം അല്ലാതെ വേറെ ബെനിഫിറ്റും ഉണ്ട്. കൂടാതെ റിട്ടയർമെന്റും ഉണ്ട്. എന്നിരുന്നാലും കൈക്കൂലിയും കൂടെ വേണം. നാല്പത്തഞ്ചു വർഷങ്ങൾക്കു മുമ്പ് എന്റെ സഹോദരൻ എന്റെ മകന്റെ ജനനസർട്ടിഫിക്കറ്റിനു ജനന-മരണ രജിസ്ട്രാർ ഓഫീസിൽ ചെന്നപ്പോൾ ഓരോ ഒഴികഴിവുകൾ പറഞ്ഞ് അതു തരാതിരുന്നു. ഏറ്റവും ഒടുവിൽ പറഞ്ഞ ഒഴികഴിവ് "സർട്ടിഫിക്കറ്റ് എഴുതിവച്ചിട്ടുണ്ട്; പക്ഷേ അതിൽ ഒപ്പിടാൻ പേന ഇല്ല" എന്നായിരുന്നു. ശുദ്ധനായ എന്റെ സഹോദരന് പ്രശ്നം കൈക്കൂലിയാണെന്നു മനസ്സിലാകാതെ പോയി!

ഇന്ന് 'കൈക്കൂലി കൊടുക്കുന്നതും വാങ്ങുന്നതും ശിക്ഷാർഹമാണ്' എന്നു എഴുതിയ ബോർഡു ഭിത്തിയിൽ പ്രദർശിപ്പിച്ചിട്ടാണ് മേശയുടെ വലിപ്പിലേക്കു കൈക്കൂലി നിക്ഷേപിക്കാൻ ആംഗ്യഭാഷയിൽ നിർദ്ദേശം നല്കുന്നത്!

കൈക്കൂലിക്കാരന്റെ കൈക്കൂലി ക്ഷണത്തിൽ അവസാനിക്കും എന്നത് മനസ്സിലാക്കണം. പൈസയുടെ അറ്റം പോക്കറ്റിൽ കാണാതെ പേപ്പർ മേശപ്പുറത്തു നിന്നു നീങ്ങുകയില്ല. അവർക്ക് എന്തോ നാം കൊടുക്കാനുള്ള തുപോലെ തോന്നും. ഞങ്ങൾ അമേരിക്കയിൽ നിന്നും തിരുവനന്തപുരത്തു വന്നിട്ട് ഇപ്പോൾ 35 വർഷം ആയി. ഒരു പൈസയും കൈക്കൂലി കൊടുക്കാതെ ഞങ്ങളുടെ കാര്യങ്ങൾ സാധിച്ചു കിട്ടിയിട്ടുണ്ട്. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും. 100 പ്രാവശ്യം നടക്കേണ്ടിവന്നാലും ഞങ്ങൾ നടക്കും. കൈക്കൂലി പരിപാടിയില്ല. ദാനം കിട്ടുന്ന സമ്മാനം കണ്ണു കുരുടാക്കും. ഉള്ള കണ്ണു കുരുടാക്കാതെ സൂക്ഷിക്കുക. അതാണ് വലിയ കാര്യം. തലമുറയേക്കൂടി നശിപ്പിക്കുന്നതാണ് കൈക്കൂലി.

ഒരു കുരിശു കഴുത്തിൽ തൂക്കിയിട്ടിരുന്നാൽ മതിയോ ചെയ്ത പാപ ത്തിന് പരിഹാരമായി? ഈ കുരിശു കർത്താവിനു നിഷിദ്ധമാണ്. കാരണം കർത്താവിനെ കൊല്ലുവാൻ ഉപയോഗിച്ച ഉപകരണം കഴുത്തിൽ തൂക്കി നടക്കുന്നു. വേലക്കാരന്റെ കൂലി നിന്റെ അറയിൽ കിടന്നു നിലവിളിക്കു ന്നില്ലേ? അമ്മയ്ക്കു മിന്നു പണിയാൽ ചെന്നാലും കൈക്കൂലി വേണം. യേശു ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചവർക്കുപോലും അതിന്റെ അർത്ഥം അറിയുകയില്ല. സ്വർഗ്ഗത്തിൽ പോകുമോയെന്നു ചോദി ച്ചാൽ ദൈവം കൊണ്ടു പോയാൽ പോകും. വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്ത്വം കാണും. വിശ്വാസമില്ലാതെ എങ്ങനെ കർത്താവിനെ പ്രസാദിപ്പിക്കും. അവൻ വിശ്വാസത്തിന്റെ നായകനാണ്. അവനെ നോക്കുക. അവൻ തന്നെ വരുവാനുള്ള മശിഹാ. അതല്ലാതെ മശിഹായുടെ വേഷം കെട്ടിയവനല്ല.

സ്വർഗ്ഗം എല്ലാവർക്കും ഉള്ളതല്ല. മുൻനിയമിച്ചവർക്കു മാത്രം. ശാഠ്യത്താലും ദുരഭിമാനത്താലും ക്രിസ്തീയജീവിതം പാടില്ല. ക്രിസ്തീയ ജീവിതത്തിൽ ചിട്ടകളും തത്ത്വങ്ങളും ഉണ്ട്. വാളെടുത്തവൻ എല്ലാം വെളിച്ചപ്പാടന്മാർ അല്ല.

കർത്താവിന്റെ വേലക്കാർ ആർക്കും കടക്കാർ ആയിരിക്കരുത്. എന്നിട്ടു പാട്ടുപാടും വായ്പവാങ്ങാൻ ഇട വരികയില്ല, തലയ്ക്കുമീതെ കടം ഉള്ളവരും പാടും. വായ്പ വാങ്ങാൻ ഇട വരികയില്ല. വിശ്വാസികൾ പട്ടിണി അനുഭവിക്കു ന്നവർ ഉണ്ട്. ദൈവത്തിനുവേണ്ടി അവർ കഷ്ടം അനുഭവിക്കണം. അതിൽ ഒന്നാണ് പട്ടിണി. കഷ്ടതയോ? പട്ടിണിയോ? ആപത്തോ? വാളോ? കർത്താവായ യേശുക്രിസ്തുവിലുള്ള സ്നേഹത്തിൽ നിന്നും നമ്മെ വേർപിരിക്കരുത്. എല്ലാവരും ചെയ്യുന്നതുകൊണ്ട് ഞാനും ചെയ്തു എന്നു പറയരുത്. അബദ്ധവശാൽ വന്നുപോയിയെന്നും പറയാൻ പാടില്ല. വേദപുസ്തകം നന്നായി വായിക്കുക. അതു ദൈവവചനമാണ്. എന്റെ യേശു വാക്കു മാറുകയില്ലയെന്നു നാം എല്ലാവരും പാടും. അതിൽ അർത്ഥം വല്ലതുമുണ്ടോ യെന്നു ചിന്തിക്കണം. വിശ്വാസികൾ കർത്താവിന്റെ വരവിനായി ഒരുങ്ങാം.

***************

# യേശുവുള്ള ഭവനം (മർക്കൊസ് 2:1-12)

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം

ലോകത്തിൽ മൂന്നുതരം ആളുകളാണുള്ളതെന്ന് കൊളംബിയാ യൂണിവേഴ്സിറ്റി മുൻപ്രസിഡന്റ് ഡോ. നിക്കോളാസ് ബട്‌ലർ പറഞ്ഞിട്ടുണ്ട്. അവർ, സമൂഹത്തിനു നന്മ ചെയ്യുന്ന കർമ്മനിരതരായ ഒരു ചെറിയ ശതമാനം, ഏതാണ്ട് അത്രയും തന്നെ ശതമാനം കർമ്മനിരതർക്കു തടസ്സം സൃഷ്ടിക്കുന്നവർ, പിന്നെ തങ്ങൾക്കു ചുറ്റും എന്താണു സംഭവിക്കുന്നതെന്ന് ഒരു ഗ്രാഹ്യവുമില്ലാത്ത നിശ്ശബ്ദഭൂരിപക്ഷവും. മർക്കൊസ് രണ്ടാം അധ്യായത്തിൽ നാം ചിന്തിക്കുവാൻ പോകുന്ന വേദഭാഗത്തും ഈ മൂന്നു കൂട്ടരേയും കാണാവുന്നതാണ്. യേശുക്രിസ്തുവും കർമ്മനിരതരായ നാലാളും, വിമർശനശരമെയ്യുന്ന പരീശപ്രമാണികളും ശാസ്ത്രിമാരും, പിന്നെ കഫർന്നഹൂമിലെ യേശുവുള്ള ഭവനത്തിൽ എന്താണു സംഭവിക്കുന്നതെന്ന് ഗ്രഹിക്കാത്ത പുരുഷാരവും ബട്‌ലറിന്റെ തരംതിരിവിലുൾപ്പെടുന്നു.

യോഹന്നാൻ ഒഴികെയുള്ള മൂന്നു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്ന ഒരു ചരിത്രസംഭവമാണ് നമ്മുടെ പ്രതിപാദ്യവിഷയം. ഇതാദ്യമായിട്ടല്ല കർത്താവു കഫർന്നഹൂമിൽ ശുശ്രൂഷ ചെയ്യുന്നത്. മർക്കൊസ് രണ്ടിന്റെ ഒന്നാം വാക്യത്തിൽ "അവൻ പിന്നെയും കഫർന്നഹൂമിൽ ചെന്നു" വെന്നു വായിക്കുന്നു. ആ ദേശവാസികൾക്കു ദൈവവചനം കേൾക്കുവാൻ 'പിന്നെയും' ലഭിച്ച ഒരവസരം. ആദ്യ സന്ദർശനത്തിൽ തന്നെ അംഗീകരിക്കാത്തവർക്കു വീണ്ടുമൊരു അസുലഭസന്ദർഭം ലഭ്യമായി. യേശുക്രിസ്തു ആ ഭവനത്തിൽ ഉണ്ടെന്നറിഞ്ഞ് ജനം അവിടെ 'തടിച്ചു കൂടി'. അത് ആരുടെ ഭവനമാണെന്ന് പറഞ്ഞിട്ടില്ലെങ്കിലും പത്രൊസിന്റെ ഭവനമാകാനാണു സാധ്യത (മർക്കൊസ് 1:29). ആരുടെ ഭവനമായിരുന്നാലും ശരി, യേശുവിനെ സ്വീകരിക്കുവാൻ സന്നദ്ധതയുള്ള ഒരു ഭവനമായിരുന്നു അത്. നമ്മുടെ ഭവനങ്ങൾ എപ്രകാരമുള്ള ഭവനങ്ങളാണെന്നു ചിന്തിക്കുക.

**ഭവനത്തെക്കുറിച്ചുള്ള കേൾവി:** യേശു വീട്ടിൽ ഉള്ള ഭവനമെന്നു ശ്രുതിയായി. നമ്മുടെ ഭവനങ്ങളെക്കുറിച്ച് നാം ജീവിക്കുന്ന സമൂഹത്തിന്റെ അഭിപ്രായമെന്താണ്? ഇന്നു മിക്കഭവനങ്ങളെയും കുറിച്ചുള്ള കേൾവി ഒന്നുകിൽ അവർ വലിയ പണക്കാരാണ്, അല്ലെങ്കിൽ അവർക്ക് ഒരുപാട് സ്വർണ്ണമുണ്ട് എന്നൊക്കെയല്ലോ? നമ്മുടെ ഭവനങ്ങളെക്കുറിച്ച് സമൂഹമദ്ധ്യേയുള്ള കേൾവി എന്താണ്?

**യേശുവുള്ള ഭവനത്തിൽ ദൈവവചനം പ്രസ്താവിക്കപ്പെടുന്നു**(വാക്യം 2). നമ്മുടെ ഭവനങ്ങളിൽ വരുന്നവർക്ക് നാം യേശുവിനെ പരിചയപ്പെടുത്താറുണ്ടോ? അതോ നമ്മുടെ സംഭാഷണത്തിൽനിന്നും യേശുവിനെ മാറ്റി നിർത്തുമോ? നമ്മുടെ വിശ്വാസം നമ്മുടെ സന്ദർശകരുമായി നാം പങ്കിടാറുണ്ടോ? യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീകരിച്ച എല്ലാ ദൈവമക്കളുടെയും ദൈവദത്തമായ ഉത്തരവാദിത്തമാണ് ക്രിസ്തുവിലുള്ള

നമ്മുടെ വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കുക എന്നത്. "നിങ്ങൾ എന്റെ സാക്ഷികൾ" എന്നാണു കർത്താവു നമ്മെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. അപ്പോൾ നാം ക്രിസ്തുവിന്റെ പ്രതിനിധികളാണ്, ദൂതുവാഹികളാണ്. നാം മൗനമവലംബിച്ചാൽ എങ്ങനെയാണു മറ്റുള്ളവർ യേശുവിനെ അറിയുക? സംസാരിക്കാൻ മടിയോ, കഴിവില്ലായ്മയോ ഒരു ഒഴികഴിവല്ല. എല്ലാവർക്കും ചെയ്യാവുന്ന ഒന്നാണ് രക്ഷാവഴി വരച്ചുകാട്ടുന്ന ലഘുലേഖകൾ വിതരണത്തിനായി ഭവനങ്ങളിൽ സൂക്ഷിക്കുകയും സന്ദർശകർക്കു സമ്മാനിക്കയും എന്നത്.

നാലാൾ ഒരു പക്ഷവാതക്കാരനെ ചുമന്ന് യേശുവുള്ള ഭവനത്തിലേക്കു കൊണ്ടു വരുന്നു. ആരെങ്കിലും തോളിലേറ്റിയെങ്കിലേ ആ രോഗിക്കു കർത്താവിന്റെ സമീപം എത്താൻ കഴിഞ്ഞിരുന്നുള്ളൂ. പക്ഷവാതക്കാരന്റെ നിസ്സഹായാവസ്ഥയിൽ മനസ്സലിഞ്ഞ നാലുപേർ. അവന്റെ ഈ കിടപ്പുകണ്ടാൽ നമ്മിൽ അനേകരും പ്രതികരിക്കുന്നത്, "അയ്യോ പാവം കഷ്ടമായിപ്പോയി". അവിടെ തീരുന്നു നമ്മുടെ സഹതാപം! ശരിയല്ലേ? പക്ഷേ അവർ നാലുപേർ വ്യത്യസ്തരായിരുന്നു. അവന്റെ ദയനീയസ്ഥിതിക്കു മാറ്റം വരണമെന്ന് അവർ ആത്മാർത്ഥമായി ആഗ്രഹിക്കുക മാത്രമല്ല, പ്രത്യുത, ഏതു പ്രതിസന്ധിയെയും തരണം ചെയ്ത് ലക്ഷ്യപ്രാപ്തിയിലെത്തണമെന്ന് ദൃഢപ്രതിജ്ഞയെടുത്ത കർമ്മധീരരും ആയിരുന്നു. അവരുടെ സദുദ്യമത്തിനു തടയിടാൻ ശ്രമിച്ച പുരുഷാരത്തെ അതിജീവിച്ച് അസാധാരണമായ മാർഗ്ഗത്തിലൂടെ അവർ ലക്ഷ്യപ്രാപ്തിയിലെത്തുന്നു. ഏതുവിധമെങ്കിലും ആ രോഗിയെ രോഗികളുടെ പരമവൈദ്യനായ യേശുകർത്താവിന്റെ സവിധത്തിലെത്തിക്കാൻ അവർ തീരുമാനിച്ചു. അവർ വിജയിക്കുകയും ചെയ്തു. ആ രോഗിയെ അവർ കർത്താവിന്റെ അടുത്തെത്തിച്ചാൽ ബാക്കിക്കാര്യം കർത്താവു നോക്കിക്കൊള്ളും എന്നവർ വിശ്വസിച്ചു. പക്ഷേ, "പുരുഷാരം നിമിത്തം" അവർക്കു യേശുവിനെ സമീപിക്കുവാൻ കഴിഞ്ഞില്ല എന്നാണു നാം ബൈബിളിൽ വായിക്കുന്നത്.

ലൂക്കൊസ് സുവിശേഷകൻ പറയുന്നത് ഗലീലയിലും യെഹൂദ്യയിലുമുള്ള സകലഗ്രാമത്തിൽ നിന്നും യെരുശലേമിൽനിന്നും വന്ന പരീശന്മാരും ശാസ്ത്രിമാരും ആ ഭവനത്തിൽ ഇരുന്നിരുന്നു എന്നാണ് (ലൂക്കൊ. 5:17). കർത്താവിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുവാൻ വന്ന മതമേലദ്ധ്യക്ഷന്മാരുൾപ്പെട്ട പുരുഷാരമാണ് പക്ഷവാതക്കാരനെ കർത്താവിന്റെയടുത്ത് എത്തിക്കുന്ന സംരംഭത്തിൽ നാലാൾക്കു തടസ്സം സൃഷ്ടിച്ചത്. അന്നും ഇന്നും കുരുടന്മാരായ വഴികാട്ടികൾ ഒന്നുമറിയാത്ത സാധുക്കളെ യേശുവിനോടു സമീപിക്കുവാൻ സമ്മതിക്കാതെ തടസ്സങ്ങൾ സൃഷ്ടിക്കുന്നു! പക്ഷേ, സത്യാന്വേഷികൾ അങ്ങനെ പിന്മാറുകയില്ല. നാലാൾക്കു ഏകലക്ഷ്യം: എങ്ങനെയെങ്കിലും രോഗിയെ യേശുവിന്റെ അടുത്ത് എത്തിക്കണം; പുരയുടെ മേൽക്കൂര പൊളിച്ചാണെങ്കിലും! കാരണം അവർ യേശുവിൽ വിശ്വസിച്ചു. യേശുവിനു അവരുടെ സ്നേഹിതനെ സൗഖ്യമാക്കുവാൻ കഴിയുമെന്ന് അവർ വിശ്വസിച്ചു. മാത്രമല്ല, അവനേ അതു കഴിയൂ എന്നവർ വിശ്വസിച്ചു; കാരണം അതൊരു മാറാരോഗമായിരുന്നു. രോഗികളുടെ പരമവൈദ്യനെക്കൊണ്ടേ ആ

രോഗിക്കു സൗഖ്യം ലഭിക്കൂ എന്നവർക്കറിയാമായിരുന്നു.

**പക്ഷവാതക്കാരൻ യേശുവിന്റെ മുമ്പിൽ:** യേശുവിന്റെ മുമ്പിൽ കൊണ്ടു വന്ന രോഗിയോടു "നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു" എന്ന് നമ്മുടെ കർത്താവു പറഞ്ഞതിൽനിന്നും പ്രസ്തുതരോഗിയുടെ രോഗം പാപം മൂലം ഉളവായതാണെന്നു കരുതാം. എല്ലാരോഗങ്ങളും അവരവർ ചെയ്യുന്ന പാപം കൊണ്ടാണ് എന്ന നിഗമനം തെറ്റാണ്. എന്നാൽ, ഈ രോഗിയുടെ കാര്യത്തിൽ പാപമാണു രോഗഹേതുവെന്ന് കർത്താവു മനസ്സിലാക്കിയാണ് അവന്റെ പാപങ്ങൾ മോചിച്ചത്. പക്ഷവാതക്കാരൻ അനുതാപഹൃദയത്തോടെയാവണം രോഗസൗഖ്യത്തിനുവേണ്ടി യേശുവിനെ സമീപിച്ചത്. യെശയ്യാവ് 53:5-ൽ 'അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു' എന്ന വാക്യശകലത്തെ വികലമായി വ്യാഖ്യാനിച്ച് യേശുക്രിസ്തു ക്രൂശിൽ മരിച്ചത് മാനവജാതിയുടെ പാപത്തിനു മാത്രമല്ല, രോഗസൗഖ്യത്തിനും കൂടിയാണെന്നു പഠിപ്പിക്കുന്നവർ ഉണ്ട്. അതേ വാക്യത്തിന്റെ ആരംഭഭാഗത്ത് നമ്മുടെ അതിക്രമങ്ങളും അകൃത്യങ്ങളുമാണ് യേശുക്രിസ്തു ഏറ്റ അടിയുടെയും ദണ്ഡനത്തിന്റെയും കാരണം അല്ലാതെ നമ്മുടെ ശാരീരികരോഗങ്ങളല്ല എന്നത് പ്രവാചകൻ വ്യക്തമാക്കിയിട്ടുണ്ട്. അവന്റെ അടിപ്പിണരുകളാൽ നമുക്കു ലഭിച്ചത് രോഗസൗഖ്യം ആയിരുന്നുവെങ്കിൽ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീകരിച്ചവർക്കു ഒരു രോഗവും വരാൻ പാടില്ലല്ലോ? മനുഷ്യന്റെ പാപരോഗത്തിന്റെ സൗഖ്യമാണു കർത്താവു താൻ ഏറ്റ ശിക്ഷയാൽ നമുക്ക് നേടിത്തന്നത്. അവന്റെ അടിപ്പിണരുകളാൽ നമുക്കു പാപസൗഖ്യം വന്നുമിരിക്കുന്നു. പാപമോചനമായിരുന്നു പക്ഷവാതക്കാരന്റെ പ്രശ്നത്തിനു ഏക പരിഹാരം.

**യേശുക്രിസ്തുവിന്റെ അധികാരം ചോദ്യം ചെയ്യപ്പെടുന്നു:** പാപമോചനത്തിനു എവിടെനിന്നാണു യേശുവിനു അധികാരം ലഭിച്ചതെന്ന് പരീശന്മാർ ചിന്തിക്കുന്നു. ദൈവം ഒരുവൻ അല്ലാതെ മറ്റാർക്കും പാപം മോചിക്കാൻ കഴിയില്ല എന്ന വസ്തുത ആ വേദപണ്ഡിതന്മാർ ഗ്രഹിച്ചിരുന്നു. ആ അധികാരം യേശു വിനിയോഗിച്ചപ്പോൾ അവൻ ദൈവമാണോ എന്നതാണ് അടുത്ത ചോദ്യം. അവിടുന്ന് ദൈവമല്ല എന്നു ചിന്തിക്കുന്ന പുരുഷാരം അവൻ പാപം മോചിച്ചപ്പോൾ ദൈവദൂഷണമാണു പറയുന്നതെന്ന് ആരോപിക്കുന്നു.

രോഗിയുടെയും രോഗിയെ സാഹസികമാർഗ്ഗത്തിലൂടെ തന്റെ സവിധത്തിലെത്തിച്ച നാലാളിന്റെയും ആഴമായ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പാപസൗഖ്യം മാത്രമല്ല, യേശു പക്ഷവാതക്കാരനു രോഗസൗഖ്യവും നല്കി തന്നിലുള്ള അവരുടെ വിശ്വാസത്തെ മാനിക്കുന്നു. യേശുവിനെ സമീപിക്കുന്നവരെ അവിടുന്ന് നിരാശിതരായി മടക്കി അയയ്ക്കുകയില്ല. നമ്മുടെ സ്രഷ്ടാവിനു നമ്മുടെ ശരീരത്തിൻമേലും അധികാരമുണ്ട്. എന്നാൽ, ഒന്നാമതു നമുക്ക് ആവശ്യമായിരിക്കുന്നത്, നമ്മെ ദൈവത്തിൽനിന്നും ദൂരസ്ഥരാക്കിയ പാപത്തിന്റെ പരിഹാരമാണ്. അവിടത്തെ ക്രൂശുമരണത്താൽ അവൻ നമുക്കായി പാപപരിഹാരമാർഗ്ഗം ഒരുക്കി. നാം ചെയ്യേണ്ടതോ,

പാപത്തെക്കുറിച്ച് അനുതപിച്ച്, യേശുവിനോടു പാപം ഏറ്റുപറഞ്ഞ് പാപ ക്ഷമപ്രാപിക്കുക എന്നതു മാത്രം. അപ്പോൾ പാപത്തിന്റെ ശിക്ഷയിൽ നിന്നു നമുക്കു വിടുതൽ അഥവാ രക്ഷ കരഗതമാകുന്നു. ഹൃദയംകൊണ്ടു വിശ്വസിക്കയും വായ്കൊണ്ടു ഏറ്റുപറയുകയും ചെയ്യണം.

പക്ഷവാതരോഗി യേശുവിന്റെ അടുത്തു വന്നതുപോലെയല്ല തിരികെപ്പോയത്. ഇനി നാലാൾ അവനെ ചുമക്കേണ്ട ആവശ്യമില്ല. അവൻ കർത്താവിന്റെ വാക്കനുസരിച്ച് കിടക്കയിൽ നിന്നു എഴുന്നേറ്റു, സ്വയം കിടക്ക എടുത്തു നടന്നുപോയി. അവൻ ഒരു അത്ഭുതവിഷയമായി മാറി. അവൻ ഒരു പുതിയ സൃഷ്ടിയായി. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു (2 കൊരി. 5:17)

യേശുവുള്ള ഭവനത്തിന്റെ പ്രത്യേകതകൾ അവർണ്ണനീയം. ആ ഭവനത്തെക്കുറിച്ചുള്ള കേൾവി സമൂഹമദ്ധ്യേ പരക്കുന്നു. അനേകരെ ആകർഷിക്കുന്ന ഭവനമാണ് യേശുവുള്ള ഭവനം. യേശുവുള്ള ഭവനത്തിലെ ചിട്ടകൾക്കു വ്യത്യാസം വരും. യേശുവുള്ള ഭവനത്തിൽ അത്ഭുതങ്ങൾ നടക്കും. രോഗസൗഖ്യവും മാനസാന്തരവും അവിടെ ഉണ്ടാകും. എല്ലാറ്റിലുമുപരി, യേശുവുള്ള ഭവനത്തിലൂടെ ദൈവനാമം മഹത്ത്വപ്പെടുന്നു. പ്രിയ സഹോദരാ, സഹോദരീ, താങ്കളുടെ ഭവനം എപ്രകാരമുള്ള ഭവനമാണ്? യേശു അധിവസിക്കുന്ന ഭവനമോ? ആരെങ്കിലും നമ്മുടെ അയൽവാസികളോടു നമ്മെക്കുറിച്ചു തിരക്കിയാൽ അവർ എന്തായിരിക്കും നമ്മെക്കുറിച്ചു പറയുക? "അതു യേശുവുള്ള ഭവനമാണ്" എന്നു നമ്മുടെ ഭവനങ്ങളെക്കുറിച്ച് നാം ജീവിക്കുന്ന സമൂഹം സാക്ഷ്യം പറയാൻ ഉപയുക്തമായ ജീവിതം നയിക്കുവാൻ ദൈവം നമ്മെ ഏവരെയും സഹായിക്കട്ടെ.

●


## *സൗജന്യ വേദാദ്ധ്യയനം*

**തപാൽ വഴി പഠിച്ച് ഡിപ്ലോമായും പഴയതും പുതിയതും നിയമങ്ങൾ അടങ്ങിയ മുഴുവേദപുസ്തകവും കരസ്ഥമാക്കുക.**

*സൗജന്യ കറസ്പോണ്ടൻസ് കോഴ്സുകൾക്ക്*

*എഴുതേണ്ട വിലാസം*

**The Director**

Good News Ministries

Akkulam Road, Trivandrum - 695 031

# കൈവിട്ടുകളഞ്ഞ അവകാശം

**ജെസി ബെൻസെൻ, കൊച്ചി**

ജന്മാവകാശം നഷ്ടപ്പെടുത്തിയ ഏശാവിനെക്കുറിച്ച് ഒരു ഊണിന് ജേഷ്ഠാവകാശം വിറ്റുകളഞ്ഞ അഭക്തൻ എന്നാണ് നാം എബ്രായലേഖനത്തിൽ വായിക്കുന്നത്. അവകാശം കൈവിട്ടുകളയുന്നത് അഭക്തിയുടെ ലക്ഷണമായിട്ടാണ് ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഏശാവിന്റെ കൈയിൽ നിന്നും ആ അവകാശം കൈവശപ്പെടുത്തിയ യാക്കോബിന്റെ സന്തതിപരമ്പരയും സമാനമായ രീതിയിൽ തങ്ങളുടെ അവകാശം കൈവിട്ടുകളഞ്ഞതു സംബന്ധിച്ച സൂചനകളും അതിനെതുടർന്നുണ്ടായ ഭയാനകമായ സ്ഥിതിവിശേഷങ്ങളും തിരുവചനം നമ്മെ ചൂണ്ടിക്കാണിക്കുന്നുണ്ട്.

യോശുവ മുഖാന്തരം ദൈവം ഇസ്രായേൽ മക്കൾക്കു കനാൻദേശം വിഭാഗിച്ചുനല്കിയപ്പോൾ സോർ സീദോൻ പ്രദേശങ്ങൾ ആശേർഗോത്രത്തിനുള്ള അവകാശത്തിലായിരുന്നു ഉൾപ്പെട്ടിരുന്നത്. (യോശു. 19:28, 29) അവിടെ, മഹാനഗരമായ സീദോനെന്നും ഉറപ്പുള്ള പട്ടണമായ സോരെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആശേർ അത് കൈവശപ്പെടുത്തിയതായി രേഖയില്ല! ലെബാനോൻ പർവ്വതനിരകളും മെഡിറ്ററേനിയൻ കടലും സമ്പൽസമൃദ്ധവും ഫലഭൂയിഷ്ഠവുമാക്കിയ പ്രദേശങ്ങളായിരുന്നു സോരും സീദോനും. ദാവീദ് യിസ്രായേൽജനത്തെ എണ്ണി സംഖ്യയെടുക്കുവാനായി യോവാബിനെ അയച്ചപ്പോൾ അവർ സോർ സീദോൻ പ്രദേശങ്ങളിലും ചുറ്റിസഞ്ചരിച്ച് ജനത്തെ എണ്ണിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. (2ശമു.24:6,7) ഇങ്ങനെ ജനം അവകാശദേശത്തു പാർത്തിരുന്നുവെങ്കിലും അത് കൈവശമാക്കിയിരുന്നില്ല!

അവകാശമായി ലഭിച്ച പ്രദേശം കൈവശപ്പെടുത്താതെ നഷ്ടപ്പെടുത്തിയതിന്റെ പരിണിതഫലം അസാധാരണമായ വിധം ഭയാനകമായിരുന്നു. സോരിന്റെ  വനസമ്പത്തും ജലസമ്പത്തും യഥേഷ്ടം ഉപയോഗിക്കുവാൻ കഴിയുമായിരുന്നിട്ടും, ദാവീദിന് അരമന പണിതപ്പോഴും (2ശമു.5:11) ശലോമോൻ ദൈവാലയം പണിതപ്പോഴും (1 രാജ. 5:8-12) പണിക്ക് ആവശ്യമായ ദേവദാരുവും സരളമരവും സോരിൽ നിന്ന് വിലയ്ക്കു വാങ്ങുകയായിരുന്നു. ആ വ്യാപാരബന്ധം ഇരുരാജാക്കന്മാരും തമ്മിൽ ഉടമ്പടി ചെയ്യുന്നതിലും ചെന്നെത്തി. (1 രാജ. 5:12) പില്ക്കാലത്ത് യെഹൂദാരാജാവായ ആഹാബ് സോർ രാജാവിന്റെ മകളായ ഈസബേലിനെ വിവാഹം കഴിക്കുന്നതിലേക്കു ആ ബന്ധം വളർന്നു. "..... ദുർന്നടപ്പ് ആചരിപ്പാനും വിഗ്രഹാർപ്പിതം തിന്മാനും എന്റെ ദാസന്മാരെ ഉപദേശിക്കയും തെറ്റിച്ചുകളകയും ചെയ്യുന്ന ഈസബേൽ എന്ന സ്ത്രീയെ നീ അനുവദിക്കുന്നു...." എന്നു തുയഥൈര സഭയുടെ ദൂതനോട് പറയത്തക്കവിധം ആ വിവാഹബന്ധം ഇസ്രായേൽ ജനത്തെ

മുഴുവനും വഴിതെറ്റിക്കുന്നതിലേക്കാണ് ചെന്നെത്തിയത്. ദൈവം അവകാശമായി നല്കിയ ദേശം കൈവശപ്പെടുത്താതിരുന്നതിൽ നിന്നാണ് ഈ ഭയാനകമായ സ്ഥിതിവിശേഷത്തിന്റെ തുടക്കം എന്നു തിരിച്ചറിയുമ്പോഴാണ് ആ നഷ്ടത്തിന്റെ ആഴം വെളിപ്പെടുന്നത്.

ദൈവമക്കളായ നമുക്കും ധാരാളം അവകാശങ്ങൾ നല്കപ്പെട്ടിട്ടുണ്ട്. നാം മക്കളെങ്കിലോ അവകാശികളും ആകുന്നു. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളുമാണ്. (റോമ. 8:17) നല്കപ്പെട്ട അവകാശം കൈവശമാക്കേണ്ട ഉത്തരവാദിത്വം നമ്മിൽ മാത്രമാണ് നിക്ഷിപ്തമായിരിക്കുന്നത്. ദൈവത്തിന്റെ സ്നേഹത്തിനു നാം അവകാശികളാണ്. കർത്താവിന്റെ കൃപയ്ക്കും കരുണയ്ക്കും നാം അവകാശികളാണ്. ക്രിസ്തുയേശുവിലുള്ള സമാധാനവും ആശ്വാസവും നമ്മുടെ അവകാശമാണ്. സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങളും നമ്മുടെ അവകാശമാണ്. അവ നമുക്കു ആസ്വദിക്കുവാൻ കഴിയുന്നില്ലെങ്കിൽ നമുക്കു നല്കപ്പെട്ട അവകാശം നാം കൈവശപ്പെടുത്തിയിട്ടില്ല!!

നല്കപ്പെട്ട അവകാശങ്ങൾ കൈവശപ്പെടുത്താതിരുന്നാൽ പ്രതിസന്ധികളുടെയും പ്രതികൂലങ്ങളുടെയും വേളകളിൽ ഭൗമികമായ ചിലതിൽ ആശ്രയിക്കുവാൻ നാം സന്നദ്ധരാകും. ലോകവുമായി അവിശുദ്ധബന്ധങ്ങളിലേക്കു അത് വഴി തുറക്കും. ഭയാനകമായ പരിണിതഫലങ്ങളായിരിക്കും പിന്തുടരുക. ഒരു ഊണിന് ജേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനോ അകാരണമായി അവകാശം നഷ്ടപ്പെടുത്തിയ ആശേറിനെപോലെ അലസനോ ആയിത്തീരാതിരിപ്പാൻ നമുക്കും കരുതലുള്ളവരായിരിക്കാം. ദൈവം കൃപ നല്കട്ടെ.

****************


## ഓൺലൈൻ ക്രൈസ്തവ വനിത

2010 നവംബർ മുതലുള്ള ക്രൈസ്തവ വനിത സൗജന്യമായി വായിക്കുവാൻ ഗുഡ്ന്യൂസിന്റെ വെബ്സൈറ്റു സന്ദർശിക്കുക.
http://www.gncs.org/ministries_publications.htm/
ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും മലയാളഭാഷ അറിയാവുന്ന ഏവർക്കും ബൈബിൾ പഠിക്കയും ക്രൈസ്തവ വനിത വായിക്കയും ചെയ്യാനുള്ള സംവിധാനമായി.

നിങ്ങളുടെ വിദേശത്തുള്ള ബന്ധുമിത്രാദികളെ ഈ വിവരം അറിയിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

# എന്റെ പകരക്കാരൻ

അമേരിക്കൻ എയർലൈൻസ് ഫ്ളൈറ്റ് 11-ലെ ഒരു പൈലറ്റിന്റെ ഇതഃപര്യന്തം വെളിച്ചം കാണാത്ത സംഭവകഥയാണിത്. എങ്ങനെയോ ഇക്കഥ ഇതുവരെയും ലോകം അറിയാതെ പോയി. 2001 സെപ്തംബർ 11-നു അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്ററിൽ തീവ്രവാദികൾ ആദ്യം പറത്തിക്കൊണ്ടിടിച്ച അമേരിക്കൻ എയർലൈൻസിന്റെ ബോസ്റ്റണിൽ നിന്നും ലോസ് ആഞ്ജലസിലേക്കു പറന്ന ബോയിംഗ് 767 വിമാനമാണ് ഫ്ളൈറ്റ് 11. ആ ഫ്ളൈറ്റിൽ 87 ജീവിതങ്ങളാണ് ആകസ്മികമായി പൊലിഞ്ഞത്. അന്നത്തെ തീവ്രവാദ ആക്രമണത്തിൽ 2977 പേർ കൊല്ലപ്പെട്ടു. നമ്മെ കോരിത്തരിപ്പിക്കുന്ന ഒരു ജീവിതഗന്ധിയായ കഥയാണ് അതിന്റെ പ്രധാന പൈലറ്റുകളിൽ ഒരുവനായ സ്റ്റീവ് ഷൈബ്നർക്കു പറയുവാനുള്ളത്. ഇനി അദ്ദേഹത്തിന്റെ വാക്കുകളിൽ.

2001 സെപ്തംബർ പത്താം തീയതി ഉച്ചകഴിഞ്ഞ് ഞാൻ എന്റെ കമ്പ്യൂട്ടറിലൂടെ ഇന്റർനെറ്റുവഴി പിറ്റേദിവസത്തേക്കു പൈലറ്റിനെ നിയോഗിക്കാത്ത ഫ്ളൈറ്റുകൾ വല്ലതും ഉണ്ടോ എന്നു പരിശോധിച്ചപ്പോൾ ഫ്ളൈറ്റ് 11നു ആരെയും നിയോഗിച്ചിട്ടില്ല എന്നു മനസ്സിലാക്കി. റിസേർവു പൈലറ്റുകൾ അന്നത്തേക്കുണ്ടോ എന്നു പരിശോധിച്ചപ്പോൾ ഞാൻ മാത്രമേയുള്ളുവെന്നു മനസ്സിലാക്കി എന്റെ പേര് ഞാൻ സമർപ്പിച്ചു. ഇതൊരു സാധാരണ പതിവാണ്. പിറ്റേന്നു രാവിലെ ബോസ്റ്റണിൽ നിന്നും ലോസ് ആഞ്ജലസിലേക്കു പറക്കാനുള്ള ഒരുക്കങ്ങൾ ചെയ്തു. എന്റെ ഭാര്യ യാത്രയ്ക്കാവശ്യമായ വസ്ത്രങ്ങൾ തേച്ച് പെട്ടിയിൽ അടുക്കി വച്ചു. സാധാരണയായി എയർലൈൻസ് ഓഫീസിൽ നിന്നും യാത്ര സ്ഥിരീകരിച്ചുകൊണ്ടുള്ള ഒരു ഫോൺ വിളി കിട്ടേണ്ടതാണ്. എന്നാൽ അന്നങ്ങനെ സംഭവിച്ചില്ല. അതുകൊണ്ട് ഞാൻ വൈകുന്നേരം ഇന്റർനെറ്റു പരിശോധിച്ചപ്പോൾ എന്റെ പേരിന്റെ സ്ഥാനത്ത് മറ്റൊരു പൈലറ്റായ ടോം മഗിന്നിസിന്റെ പേരു കണ്ടു. എങ്ങനെയാണതു സംഭവിച്ചതെന്ന് അറിയണ്ടേ? എന്നെക്കാൾ സീനിയർ ആയ ടോമിന്റെ ബേർത്ത്ഡേ ആയിരുന്നു സെപ്തംബർ 10. അന്നു ജോലിക്കു പോകാതിരുന്ന ടോം സെപ്തംബർ 11-ന് എനിക്കുപകരമായി വിമാനം പറപ്പിക്കാൻ കമ്പനിയോടു അനുവാദം ചോദിക്കയും അവർ അദ്ദേഹ ത്തെ അതിനു അനുവദിക്കയും ചെയ്തു. അങ്ങനെ എനിക്കുപകരമായി ടോം അമേരിക്കൻ എയർലൈൻസിന്റെ ലോസ് ആഞ്ജലസിലേക്കുള്ള വിമാനം കൃത്യസമയത്തുതന്നെ ബോസ്റ്റണിൽനിന്നും പറന്നുയർത്തി. പക്ഷേ, നിമിഷനേരങ്ങൾക്കുള്ളിൽ തീവ്രവാദികൾ ടോമിനെ കീഴ്പെടുത്തി വിമാനത്തിന്റെ സാരഥ്യം കൈക്കലാക്കി നേരേ വേൾഡ് ട്രേഡ് സെന്ററിനെ ലക്ഷ്യമാക്കി പറന്നു. 2001 സെപ്തംബർ 11-നു ആ അഭിശപ്ത മുഹൂർത്തത്തിൽ വേൾഡ് ട്രേഡ് സെന്ററിൽ ചെന്നിടിച്ച ആദ്യത്തെ വിമാനമായിരുന്നു അമേരിക്കൻ എയർലൈൻസിന്റെ ഫ്ളൈറ്റ് 11.

ഞാൻ ആ വിമാനം സെപ്തംബർ പതിനൊന്നിനു പറപ്പിക്കുവാൻ പെട്ടി പായ്ക്കുചെയ്ത് ഒരുങ്ങിയ ആൾ ആയിരുന്നു. പക്ഷേ വേറൊരാൾ എനിക്കു പകരമായി എന്റെ ഇരിപ്പിടത്തിൽ (In My Seat) അന്ന് ഇരുന്നു. ഞാൻ മരിക്കേണ്ട സ്ഥാനത്ത് ടോം മഗിന്നിസ് എന്ന ആ മനുഷ്യൻ മരിച്ചു. ഞാൻ ദൈവത്തോടു അതീവ കൃതജ്ഞനാണ്; കാരണം ഇതെന്റെ രണ്ടാമൂഴമാണ്. എനിക്കു ഇനി ചെയ്യാവുന്നത് ദൈവത്തിനുവേണ്ടി ജീവിക്കയും മറ്റുള്ളവരെ കർത്താവിങ്കലേക്കു ആകർഷിക്കുകയും ആദായപ്പെടുത്തുകയുമാണ്. ''നല്ലവനും വിശ്വസ്തനുമായ ദാസനേ നീ അല്പത്തിൽ വിശ്വസ്തൻ'' എന്ന അനുമോദനവാക്കുകൾ കർത്താവിൽ നിന്നും എനിക്കു കേൾക്കണം. എന്നെ ആ സ്ഥാനത്തുനിന്നു മാറ്റി പകരം ടോമിനെ എന്തിനു ആ ദൗത്യം ഏല്പിച്ചു? ഞാൻ ടോമിനേക്കാൾ മാന്യനോ ശ്രേഷ്ഠനോ ആയിരുന്നില്ല. എനിക്കു നീട്ടി നല്കിയിരിക്കുന്ന ആയുസ്സ് വിലയേറിയതാണെന്നു ഞാൻ മനസ്സിലാക്കുന്നു. ഞാൻ മരിക്കേണ്ട സ്ഥാനത്താണു ടോം മരിച്ചത് എന്നുള്ളത് എനിക്കുള്ള കടപ്പാടിനെ ശതഗുണീഭവിപ്പിക്കുന്നു. എനിക്കുവേണ്ടി വേറൊരാൾ മരിച്ചുവെന്നത് ഞാനൊരു വലിയ പദവിയായി കരുതുന്നു.

വാസ്തവത്തിൽ എനിക്കുവേണ്ടി ഒരാളല്ല, പ്രത്യുത രണ്ടുപേർ മരിച്ചു. അവിടെയാണു ഞാനും ദൈവവുമായുള്ള എന്റെ ബന്ധത്തിന്റെ കഥയുടെ ചുരുൾ അഴിയുന്നത്. ഞാനിരിക്കേണ്ട, എനിക്കു ലഭിച്ച ഇരിപ്പിടത്തിലാണ് ടോം എനിക്കുപകരം ഇരുന്നത്. പക്ഷേ, എന്റെ പാപത്തിന്റെ പരിഹാരത്തിനു വേണ്ടിയല്ല ടോം എനിക്കുപകരം മരിച്ചത്. ദൈവം തന്റെ ഏകജാതനായ പുത്രനായ യേശുക്രിസ്തുവിനെ എനിക്കുപകരമായി മരിക്കുവാൻ നിയോഗിച്ചയച്ചു. അവൻ തന്റെ രക്തം ക്രൂശിൽ ഒഴുക്കി എന്റെ പാപത്തിന്റെ മറുവിലയായിത്തീർന്നു. ഒരാൾ ഞാൻ ഇരിക്കേണ്ട ഇരിപ്പിടത്തിൽ എനിക്കുപകരമായി ഇരുന്നു. എന്നാൽ യേശുക്രിസ്തു എനിക്കുവേണ്ടി സ്വന്തരക്തം ചൊരിഞ്ഞു മരിച്ചു. ടോമിന്റെ മരണത്തെ ഞാൻ നിസ്സാരമായി ചിത്രീകരിക്കുകയല്ല, പ്രത്യുത യേശുക്രിസ്തു എനിക്കുവേണ്ടി മരിച്ച ആ മരണത്തിന്റെ മാഹാത്മ്യം ചൂണ്ടിക്കാണിക്കുന്നതേയുള്ളൂ. യേശു മാനവജാതിയുടെ മുഴുവനും പാപത്തിന്റെ പരിഹാരത്തിനായിട്ടാണ് മരിച്ചത് (1 കൊരി. 15:3) (In My Seat എന്ന പുസ്തകത്തിൽ നിന്നും).

(പ്രിയ സ്നേഹിതരേ, യേശുക്രിസ്തുവിന്റെ മരണം താങ്കൾക്കു പ്രയോജനമായിത്തീർന്നുവോ? ഇല്ലെങ്കിൽ, താങ്കൾക്കു പകരമായി പാപത്തിന്റെ ശിക്ഷ ഏറ്റുവാങ്ങി പകരക്കാരനായി മരിച്ച യേശുക്രിസ്തുവിനോടു പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ച് യേശുവിനെ ഉള്ളത്തിൽ സ്വീകരിച്ച് പാപക്ഷമപ്രാപിച്ച് ദൈവപൈതലായിത്തീരുക. "അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു (യോഹ.1:12).

●

# പ്രമേഹം (Diabetes)

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം

സാങ്കല്പികകഥകളെക്കാൾ സംഭവകഥകൾ അനുവാചകഹൃദയത്തെ ആഴമായി സ്വാധീനിക്കുന്നതുപോലെ രോഗികളുടെ 'ഓർമ്മക്കുറിപ്പു' കളിൽ നിന്നും അടർത്തിയെടുക്കുന്ന അനുഭവങ്ങൾ കൂടുതൽ ആസ്വാദ്യകരമായിരിക്കുമെന്നു കരുതി പ്രമേഹത്തെക്കുറിച്ച് ആധികാരികമായി സ്വാനുഭവങ്ങൾ പങ്കുവയ്ക്കയാണിവിടെ. അജ്ഞതകാരണം മുൻകരുതലെടുക്കാതെ രോഗിയായിത്തീർന്ന ഒരാളാണു ലേഖകൻ. വനിതാവായനക്കാർ ഈ ലേഖനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പ്രതിരോധനടപടികൾ യഥാവസരം കൈക്കൊള്ളുമെന്ന പ്രതീക്ഷയോടെ വിഷയം അവതരിപ്പിക്കട്ടെ.

2011 -ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് ഇൻഡ്യയിൽ പ്രമേഹരോഗം കാരണം ഒൻപതുലക്ഷത്തിഎൺപത്തിമൂവായിരം (9,83,000) പേർ മരിച്ചതായി റിപ്പോർട്ടു ചെയ്യുന്നു. ആറുകോടി പത്തുലക്ഷം (6,10,00,000) പ്രമേഹരോഗികളാണ് ഇന്ന് ഇൻഡ്യയിലുള്ളത്. പ്രായഭേദമെന്യേ, ഒരു ആരോഗ്യപ്രശ്നമാണു നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നതെന്ന വസ്തുത ഏവരും അറിഞ്ഞ് രോഗപ്രതിരോധനടപടികൾ ഉപേക്ഷകൂടാതെ കൈക്കൊള്ളേണ്ടതാണ്. പ്രമേഹത്തെ ഒരു മാരകരോഗമായി കരുതേണ്ടതില്ല. രോഗലക്ഷണങ്ങളിൽ ഏതെങ്കിലും കണ്ടാലുടൻ വിദഗ്ധവൈദ്യസഹായം തേടുക. ഡോക്ടർ നല്കുന്ന നിർദ്ദേശങ്ങൾ അക്ഷരം പ്രതി പാലിച്ചാൽ രോഗം നമ്മെ കീഴ്പ്പെടുത്തുന്നതിനുപകരം നമുക്കു പ്രമേഹത്തെ കീഴ്പ്പെടുത്താം.

സാധാരണയായി നാലുതരം പ്രമേഹരോഗങ്ങൾ കണ്ടു വരുന്നു. അവ: 1) ടൈപ്പ് 1 പ്രമേഹം:- ശരീരത്തിൽ ഇൻസുലിന്റെ ഉത്പാദനശേഷി നഷ്ടമാവുന്നതുമൂലം ഇത് ഉണ്ടാകുന്നു. ഇതു സാധാരണ കുട്ടികളിൽ കാണപ്പെടുന്നു. 2) ടൈപ്പ് 2 പ്രമേഹം:- ശരീരത്തിൽ ഇൻസുലിന്റെ പ്രവർത്തനശേഷിക്കുറവുമൂലം ഇതുണ്ടാകുന്നു. ഇതു മുതിർന്നവരിലും ശരീരഭാരം കൂടുതൽ ഉള്ളവരിലും കണ്ടുവരുന്നു. 3) ജെസ്റ്റേഷനൽ ഡയബേറ്റിസ്:- ഗർഭാവസ്ഥയിൽ മാത്രം ഉണ്ടാകുന്നതാണ് ഈ പ്രമേഹം. 4) ഇതരതരങ്ങൾ:- മറ്റു രോഗങ്ങൾ നിമിത്തം ഉണ്ടാകുന്നു. പാൻക്രിയാസിന്റെ പ്രവർത്തനശേഷി കുറയുകയും രക്തത്തിൽ പഞ്ചസാരയുടെ അളവു കൂടുകയും ചെയ്യുന്നു.

പ്രമേഹപ്രതിരോധത്തിനും നിയന്ത്രണത്തിനും അനിവാര്യമായത് പ്രമേഹമെന്നു പറഞ്ഞാൽ എന്താണത് എന്നുള്ള അറിവാണ്. ഒറ്റവാചകത്തിൽ പറഞ്ഞാൽ, നമ്മുടെ ശരീരം ഒന്നുകിൽ ആവശ്യത്തിനു ഇൻസുലിൻ ഉത്പാദിപ്പിക്കാതെ ഇരിക്കയോ അല്ലെങ്കിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഇൻസുലിൻ ഉപയോഗപ്പെടുത്താതെ ഇരിക്കയോ ചെയ്യുന്ന അവസ്ഥയാണ് പ്രമേഹം. പരിണതഫലമായി രക്തത്തിലെ പഞ്ചസാരയുടെ അളവു അനിയന്ത്രിതമായി വർദ്ധിക്കുന്നു. നിശ്ചിതഅളവിൽ കൂടുതൽ പഞ്ചസാര രക്തത്തിലുണ്ടെങ്കിൽ

അതിന്റെ പാർശ്വഫലങ്ങൾ വൃക്കകളുടെയും കണ്ണിന്റെയും കരളിന്റെയും ഹൃദയത്തിന്റെയും ഞരമ്പുകളുടെയും എന്നുവേണ്ടാ നമ്മുടെ മിക്ക അവയവങ്ങളുടേയും സുഗമമായ പ്രവർത്തനത്തെ ക്രമാനുഗതമായി ബാധിക്കും. നാം നമ്മെത്തന്നെ അല്പം കൂടി ശ്രദ്ധിക്കയാണെങ്കിൽ ആരംഭത്തിൽതന്നെ കണ്ടുപിടിച്ചു ചികിത്സിച്ച് ഭേദമാക്കാവുന്ന ഒരു രോഗമാണു പ്രമേഹം. എന്നാൽ പലപ്പോഴും ഇതരരോഗങ്ങളെപ്പോലെ രോഗം പഴകിയശേഷമായിരിക്കും അതു കണ്ടുപിടിക്കുന്നത്. അമിതദാഹം, കൂടെക്കൂടെ മൂത്രമൊഴിക്കുക. എപ്പോഴും ക്ഷീണം അനുഭവപ്പെടുക തുടങ്ങിയ ലക്ഷണങ്ങൾ സാധാരണമാണ്. പ്രമേഹക്കാർ ചിലർ ദിവസം ഇരുപതുപ്രാവശ്യം വരെ മൂത്രമൊഴിക്കാറുണ്ട്. അതുകൊണ്ടാവണം പ്രമേഹത്തെ പഴമക്കാർ 'മൂത്രമൊഴിവ്' എന്നു വിളിച്ചിരുന്നത്. കൂടെക്കൂടെ മൂത്രമൊഴിച്ച് ശരീരത്തിലെ ജലാംശം നഷ്ടപ്പെടുന്നതുകൊണ്ടാണ് അമിതദാഹമുണ്ടാകുന്നത്. മേല്പറഞ്ഞ ലക്ഷണങ്ങൾ ഇല്ലാത്തവർക്കും പ്രമേഹം ഉണ്ടാകാം. രക്തപരിശോധന ചെയ്യുമ്പോഴായിരിക്കും അതു കണ്ടുപിടിക്കുന്നത്. ശരീരകോശങ്ങൾക്കു ആവശ്യത്തിനു ഗ്ലൂക്കോസ് ലഭിക്കാതെ (നമ്മുടെ ഊർജ്ജത്തിന്റെ ആധാരമാണു ഗ്ലൂക്കോസ്) അതു രക്തത്തിൽ മാത്രമായി അവശേഷിക്കുമ്പോൾ നമുക്കു ക്ഷീണം അനുഭവപ്പെടും. ഉറക്കവും ശരിയല്ലെങ്കിൽ ക്ഷീണം വർദ്ധിക്കും.

കൂടുതലായി വിയർക്കുന്ന ശരീരഭാഗങ്ങളിൽ പ്രമേഹരോഗികൾക്കു അണുബാധ ഉണ്ടാവുക സാധാരണമാണ്. കക്ഷം, കാൽവിരലുകളുടെ ഇടയിൽ, മാറിടം, തുടകൾക്കിടയിൽ, മൂത്രനാളം തുടങ്ങിയ സ്ഥലങ്ങളിൽ അണുബാധ പ്രമേഹരോഗികളിൽ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. ചർമ്മത്തിലും ഗുഹ്യഭാഗങ്ങളിലും പൂപ്പൽ (fungus) മൂലമുള്ള ചൊറിച്ചിലാണ് പ്രത്യക്ഷലക്ഷണം. മുറിവോ അണുബാധയോ ശരീരത്തിലുണ്ടാകുമ്പോൾ അതിന്റെ ശമനത്തിനു സഹായിക്കുന്നത് രക്തത്തിലെ ശ്വേതാണുക്കളാണ്. എന്നാൽ രക്തത്തിൽ ഗ്ലൂക്കോസിന്റെ അംശം കൂടുതലാണെങ്കിൽ അതു ശ്വേതാണുക്കളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു. തദ്വാരാ പ്രമേഹരോഗം നമ്മുടെ രോഗപ്രതിരോധശക്തിയെ പ്രതികൂലമായി ബാധിക്കുന്നു. കൂടെക്കൂടെയുണ്ടാകുന്ന ജലദോഷം, പനി, ചുമ തുടങ്ങിയവയുടെ പ്രധാന കാരണം രോഗപ്രതിരോധശക്തി നഷ്ടപ്പെടുന്നു എന്നതാണ്.

നമ്മുടെ കാഴ്ച മങ്ങുന്നതായി തോന്നിയാൽ സാധാരണ കണ്ണിന്റെ ഡോക്ടറെ തേടിപ്പോകാറുണ്ട്. പുതിയ കണ്ണാടി പ്രശ്നം പരിഹരിക്കുന്നില്ലെങ്കിൽ ഒട്ടും വൈകാതെ പ്രമേഹത്തിന്റെ ഡോക്ടറെ (എൻഡോക്രൈനോളജിസ്റ്റ്) സമീപിക്കണം. നമ്മുടെ പ്രമേഹരോഗമായിരിക്കാം കണ്ണിന്റെ കാഴ്ചയെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത്.

അകാരണമായി ശരീരഭാരം കുറയുകയാണെങ്കിൽ അതിന്റേയും പിന്നിൽ പ്രമേഹത്തിന്റെ കടന്നാക്രമണം ആയിക്കൂടെന്നില്ല. അപ്രതീക്ഷിതമായി ശരീരം ക്ഷീണിക്കുന്നവർ ഉടനടി ഡോക്ടറെ സമീപിക്കേണ്ടതാണ്. മിക്കരോഗങ്ങളും ആരംഭദശയിൽതന്നെ കണ്ടുപിടിച്ച് അനുയോജ്യമായ ചികിത്സ ആരംഭിക്കയാണെങ്കിൽ ആയുഷ്ക്കാലരോഗികളായിത്തീരേണ്ടി വരുകയില്ല. എത്ര ഭക്ഷിച്ചാലും പിന്നേയും വിശപ്പു അനുഭവപ്പെടുകയാണെ

ങ്കിൽ അതിന്റെ പിന്നിലും പ്രമേഹരോഗം ആകാനാണു സാദ്ധ്യത. അനിയന്ത്രിതകമായി ഭക്ഷണം കഴിച്ചാലുള്ള അപകടം അറിയാമല്ലോ? അമിതഭാരമായിരിക്കും ഫലം!

കൈകാലുകളിൽ അനുഭവപ്പെടുന്ന മരവിപ്പ്, തരിപ്പ്, വേദന ഇവയും പ്രമേഹരോഗികളിൽ സാധാരണ കണ്ടുവരുന്ന ഒരു ആരോഗ്യപ്രശ്നമാണ്. ഞരമ്പുകളുടെ ബലക്ഷയംകൊണ്ടു ഉണ്ടാകുന്ന ഈ ആരോഗ്യപ്രശ്നം ന്യൂറോപ്പതി എന്നാണറിയപ്പെടുന്നത്. ന്യൂറോപ്പതിയുള്ള രോഗികൾ പാദരക്ഷ കൂടാതെ നടക്കുമ്പോൾ വല്ല സൂചിയോ ഇതര കൂർത്തമുനയുള്ള സാധനങ്ങളോ പാദത്തിൽ തുളച്ചുകയറിയാൽ അതു വലിയ അപകടത്തിലേക്കു വഴിതെളിക്കും. മരവിപ്പുകാരണം അത്തരം മുറിവുകൾക്കു വേദന കാണുകയില്ല. മിക്കപ്പോഴും അതു 'സെപ്റ്റിക്ക്' ആയി രോഗി അറിയാതെ പഴുക്കുന്നതു സാധാരണമാണ്. ആവശ്യമായ പരിചരണം ലഭിക്കുമ്പോഴേക്കും സമയം വൈകിയെന്നിരിക്കും. വിരലുകൾ, കാലുകൾ ഇവ മുറിച്ചുമാറ്റേണ്ടിവരുന്നത് അത്തരം സാഹചര്യങ്ങളിലാണ്. അധികം വൈകാതെ അണുബാധ ശരീരമാസകലം വ്യാപിക്കയും രോഗി അകാലമൃത്യുവിനിരയാവുകയും ചെയ്യുന്നു. അതുകൊണ്ട് ന്യൂറോപ്പതിയെ നിസ്സാരമായി കാണരുത്; ലക്ഷണങ്ങൾ കണ്ടാലുടൻ വൈദ്യസഹായം തേടുക.

പ്രമേഹരോഗികൾ നേരിടാനിടയുള്ള മാരകമായ ഇതരപാർശ്വഫലങ്ങൾ, ഹൃദയാഘാതം, വൃക്കകളുടെ തകരാറ് തുടങ്ങിയവയാണ്. എന്താണ് ഈ രോഗത്തിനൊരു പ്രതിവിധി? വളരെ ലളിതം. രക്തത്തിലെ പഞ്ചസാരയുടെ അളവു ക്രമീകരിക്കുക മാത്രം ചെയ്താൽ മതി. അതിനു മൂന്നു മാർഗ്ഗങ്ങളാണുള്ളത്. ഒന്നാമതായി സമീകൃതാഹാരം, രണ്ടാമത് വ്യായാമം, മൂന്നാമത് അത്യാവശ്യമരുന്നുകൾ. ആഹാരത്തിന്റെയും വ്യായാമത്തിന്റെയും കാര്യത്തിൽ മിക്കവരും ശ്രദ്ധിക്കാറില്ല. അതിനുപകരം കൈനിറയെ മരുന്നു വേണമെങ്കിൽ കഴിച്ചുകൊള്ളും. മരുന്നു രോഗശമനത്തിനേ ഉപകരിക്കയുള്ളൂ. പക്ഷേ, മരുന്നുകൾക്ക് പാർശ്വഫലങ്ങൾ ഉണ്ടെന്നു ഓർക്കുക. ഉദാഹരണമായി പല പ്രമേഹരോഗമരുന്നുകളും വേദനസംഹാരികളും വൃക്കകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നവയാണ്. അതുകൊണ്ട് രോഗത്തെ മരുന്നുപയോഗിച്ച് ചികിത്സിച്ച് ഭേദമാക്കാൻ ശ്രമിക്കുന്നതിലും അഭികാമ്യമായിട്ടുള്ളത് രോഗം വരാതെ സൂക്ഷിക്കയാണ്. ആംഗലഭാഷയിൽ അതിസുന്ദരമായി പറഞ്ഞിരിക്കുന്നത് 'Prevention is better than cure' എന്നാണ്. പ്രമേഹത്തെ സംബന്ധിച്ചിടത്തോളം രോഗം വരാതെ സൂക്ഷിക്കയാണ് കരണീയം. അതിനുള്ള ഉപാധികളാണ് സമീകൃതാഹാരം, വ്യായാമം, സുഖനിദ്ര എന്നിവ.

ആരോഗ്യപരമായ ഭക്ഷണശൈലി പ്രമേഹം, ഹൃദ്രോഗം, രക്തസമ്മർദ്ദം തുടങ്ങിയവയുടെ പ്രതിരോധത്തിനു നിർണ്ണായകമായ പങ്കാണു വഹിക്കുന്നത്. അമിതമായ ഭക്ഷണം പോലെതന്നെ അസമയത്തുള്ള ഭക്ഷണം, കൊഴുപ്പിന്റെ അതിപ്രസരം, ഫാസ്റ്റുഫുഡുകളുടെ അധിനിവേശം, ഹോട്ടലുകളിലെ ബഫേകളിൽ നിന്നുള്ള സ്ഥിരംശാപ്പാട് എന്നിവയെല്ലാം അനാരോഗ്യപരമായ ഭക്ഷണരീതികളാണ്. പ്രമേഹപ്രതിരോധത്തിന് മധുരം, കൊഴുപ്പ്

ഇവ പൂർണ്ണമായും ഒഴിവാക്കണം. മാംസാഹാരങ്ങൾ കുറച്ചിട്ട് ധാരാളം സസ്യാഹാരങ്ങൾ ഭക്ഷിക്കണം. നമ്മുടെ ഭക്ഷണക്രമത്തിൽ കൂടുതൽ പച്ച ക്കറികൾ, പഴങ്ങൾ, കൊഴുപ്പു കുറഞ്ഞ പാൽ ഉല്പന്നങ്ങൾ, പയർ-പരിപ്പ് വർഗ്ഗങ്ങൾ, ചെറുമീനുകൾ എന്നിവ പ്രമേഹസ്പെഷ്യലിസ്റ്റുകൾ നിർദ്ദേശിക്കുന്ന അളവിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്രമേഹമുള്ളവർ മരുന്ന്, ഭക്ഷണം, വ്യായാമം, വിശ്രമം ഇവ തമ്മിലുള്ള സന്തുലിതാവസ്ഥ നിലനിർ ത്തേണ്ടതാണ്.

പ്രായഭേദമന്യേ ഏവർക്കും ചെയ്യാവുന്ന ഏറ്റവും ലളിതമായ വ്യായാമ മാണു നടത്ത (Walking) എന്നത്. ആഴ്ചയിൽ കുറഞ്ഞത് അഞ്ചുദിവസ മെങ്കിലും നാല്പതു മിനിറ്റിൽ കുറയാതെ അവരവർക്കു കഴിയുന്ന വേഗത്തിൽ നടക്കുന്നത് ആരോഗ്യപരിപാലനത്തിനു അനിവാര്യമാണ്. കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലം അങ്ങനെ ഈ ലേഖകൻ നടന്നതുകൊണ്ടും ഭക്ഷണത്തിൽ മിതത്വം പാലിച്ചതിനാലും മരുന്നുകൾ കൃത്യസമയത്തുതന്നെ കഴിച്ചിരുന്നതു കൊണ്ടും ഭാരം നിയന്ത്രിക്കുന്നതിനും പ്രമേഹം നിയന്ത്രിക്കുന്നതിനും ആരോഗ്യം സംരക്ഷിക്കുന്നതിനും സാധിക്കയുണ്ടായി. പ്രിയ വായന ക്കാർക്കും അതിനു ദൈവം സഹായിക്കട്ടെയെന്നു ആശംസിക്കുന്നു.



## പരാതിപ്പെട്ടി

ചിലരെ കാണുമ്പോൾ ആളുകൾ പറയും പരാതിപ്പെട്ടി തുറക്കാൻ വരുന്നുണ്ടെന്ന്. എല്ലാറ്റിനും പരാതിപറച്ചിലാണ് അവരുടെ സ്വഭാവം. ഈ സ്വഭാവമാണ് ജീവിതത്തിന്റെ സന്തോഷം നഷ്ടപ്പെടാൻ പ്രധാന കാരണം. ആഹാരത്തിന്റെ രുചിയെപ്പറ്റി പരാതി പറയുന്നവർ ആഹാരം കഴിക്കാൻ പറ്റാതെയും, ദാരിദ്ര്യം കാരണം പട്ടിണിയിലാകുന്നവരെയും കുറിച്ചോർ ത്താൽ പരാതിക്കുപകരം ആഹാരം നല്കിയ ദൈവത്തിനു നന്ദി പറയും. ഭാര്യയെക്കുറിച്ചും, ഭർത്താവിനെക്കുറിച്ചും, മക്കളെക്കുറിച്ചും നിരന്തരം പരാതിപ്പെടുന്നവർ; വിവാഹം നടക്കാത്തവർ, ജിവിതപങ്കാളി നഷ്ടപ്പെട്ട വർ, മക്കളില്ലാത്തവർ, മക്കൾ നഷ്ടപ്പെട്ടവർ എത്രയധികമുണ്ടെന്നത് ഓർത്താൽ പരാതി നിർത്തും. വീടിന്റെ അഭംഗി, അസൗകര്യം എന്നിങ്ങനെ പരാതിയുള്ളവർ വീടില്ലാതെ തെരുവുകളിൽ മഞ്ഞും മഴയും കൊണ്ട് കഴിയുവാൻ വിധിക്കപ്പെട്ടവരുടെ അവസ്ഥ ഓർക്കുക. നമ്മെക്കാൾ അധികം ദുരിതമനുഭവിക്കുന്നവർ ഈ ലോകത്തിലുണ്ട് എന്ന് ചിന്തിക്കുമ്പോൾ, നമുക്ക് ഇത്രയധികം സൗഭാഗ്യം തന്ന ദൈവത്തിന് നന്ദി പറയാനേ കഴിയൂ. “ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക” (1 തിമൊ. 6:8). സകലത്തിന്റെയും ഉടമസ്ഥാവകാശം ദൈവത്തിനാണ് എന്ന ജ്ഞാനം നമുക്കുണ്ടെങ്കിൽ പരാതിപ്പെട്ടി തുറക്കാതിരിക്കാൻ കഴിയും.

# ചോദ്യോത്തരപംക്തി

(വിനോദ് സി. ജോൺ, ഡാലസ്, യു.എസ്.എ.)

**ചോദ്യം 1 :- 'യേശു ഏകരക്ഷകൻ' എന്നതിന്റെ അർത്ഥമെന്ത്? കൃഷ്ണനിൽ കൂടിയും അള്ളാഹുവിൽ കൂടിയും രക്ഷ ലഭിക്കുമോ? (രതീഷ് കെ. കണ്ണൂർ)**

**ഉത്തരം:-** രണ്ടു ചോദ്യങ്ങൾക്കും കൂടിയുള്ള ഉത്തരമാണു താഴെ കുറിച്ചിരിക്കുന്നത്. യേശു ഏകരക്ഷകനാണെന്നു പറയുന്നതിന്റെ അർത്ഥം യേശുവിൽകൂടിയല്ലാതെ പാപാവസ്ഥയുടെ ദുഷ്ഫലങ്ങളായ മരണത്തിൽ നിന്നും നരകശിക്ഷയിൽ നിന്നും വിടുതൽ ഇല്ല എന്നതാണ്. ഇനി പറയുന്ന കാരണങ്ങളാൽ രക്ഷയ്ക്ക് അല്ലെങ്കിൽ മോക്ഷത്തിന് യേശു അല്ലാതെ മറ്റാരുമില്ലെന്ന് ഉറപ്പാണ്.

1. ദൈവം അവിടുത്തെ വചനത്തിൽ (വേദപുസ്തകത്തിൽ) പ്രസ്താവിക്കുന്നു:

   "മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ
   ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ
   നല്കപ്പെട്ട വേറൊരു നാമവും ഇല്ല" (അപ്പൊ. പ്രവൃത്തി. 4:12)
   "യേശു അവനോടു: ഞാൻ തന്നേ വഴിയും സത്യവും
   ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ
   ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല." (യോഹ. 14:6)
   "ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും
   മദ്ധ്യസ്ഥനും ഒരുവൻ; എല്ലാവർക്കുംവേണ്ടി മറുവില
   യായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തു
   യേശുതന്നേ." (1 തിമൊ. 2:5-6)

2. പാപം ഇല്ലാത്തവൻ മാത്രമേ പാപിക്കുപകരമായി
   മരിക്കുവാൻ യോഗ്യതയുള്ളൂ.
   "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനത
   കളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല,
   പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി
   പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്" (എബ്രാ. 4:15)

3. യേശുക്രിസ്തു മാത്രമേ മരിച്ചിട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ്
   പാപത്തെയും ശാപത്തെയും മരണത്തെയും നരക
   ത്തെയും പിശാചിനെയും തോല്പിച്ചിട്ടുള്ളു. ( 1കൊരി.15:3-4)

4. തന്നിൽ വിശ്വസിക്കുന്നവരെ രക്ഷിക്കുമെന്ന് യേശുക്രിസ്തു
   ആവർത്തിച്ചു പ്രസ്താവിച്ചു
   "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരു
   നാളും തള്ളിക്കളകയില്ല" (യോഹ. 6:37)

**ചോദ്യം 2:- മനുഷ്യോത്പത്തിയെക്കുറിച്ചുള്ള ശാസ്ത്രസത്യങ്ങളെ ബൈബിൾ അംഗീകരിക്കാത്തത് എന്തുകൊണ്ട്? (രതീഷ് കെ., കണ്ണൂർ)**

**ഉത്തരം :-** ബൈബിൾ ശാസ്ത്രസത്യങ്ങളെ അംഗീകരിക്കാത്തതല്ല, മറിച്ച് ദൈവവചനസത്യങ്ങളെ ശാസ്ത്രം മിക്കപ്പോഴും അംഗീകരിക്കുന്നില്ല എന്ന

താണു വാസ്തവം. ദൈവവചനം ഒരു ശാസ്ത്രപാഠപുസ്തകമല്ല. എന്നാൽ ദൈവവചനത്തിൽ ശാസ്ത്ര സംബന്ധമായ വിഷയങ്ങളെക്കുറിച്ചോ ഇതര വിഷയങ്ങളെക്കുറിച്ചോ പറയുന്നത് സത്യമാണ്. ഏതു സത്യഅവകാശവാദത്തെയും അളക്കുന്നത് ദൈവവചനമെന്ന അളവുകോൽ ഉപയോഗിച്ചായിരിക്കണം. ശാസ്ത്രമെന്നത് ഭൗതികലോകത്തെ വിശദീകരിക്കാനുള്ള മാനുഷികയത്നമാണ്. പലപ്പോഴും മനുഷ്യൻ ഊഹിക്കുന്നതുപോലെയോ നിരൂപിക്കുന്നതുപോലെയോ അല്ല വാസ്തവം.

സാധാരണയായി ശാസ്ത്രവും ദൈവവചനവും തമ്മിൽ പൊരുത്തമില്ല എന്നു പറയുന്നത് ഭൂമിയുടെ ഉത്പത്തിയെ സംബന്ധിച്ചുള്ള സംവാദത്തിലാണ്. എന്നാൽ ഭൂമി ദൈവം സൃഷ്ടിച്ചെന്ന വിശ്വാസം അശാസ്ത്രീയവും ബുദ്ധിക്കു നിരക്കാത്തതാണെന്നും ആരോപിക്കുന്നവർ ഭൂമി പരിണമിച്ചതാണെന്നു അവകാശപ്പെടുന്നു. പക്ഷേ, പരിണാമസിദ്ധാന്തവും അശാസ്ത്രീയമാണ്. ശാസ്ത്രീയമായത് ശാസ്ത്രീയമാർഗ്ഗം (Scientific Method) അനുസരിച്ച് പരീക്ഷണ നിരീക്ഷണങ്ങൾ നടത്തി നിഗമനത്തിലെത്തിയ അനുമാനങ്ങൾ ആയിരിക്കണം. അവ ആവർത്തിക്കപ്പെട്ടിരിക്കണം (replicable). ഭൂമിയുടെ ഉത്പത്തി നിരീക്ഷിക്കാൻ ആരുമില്ലായിരുന്നു. ( observation എന്ന scientific method ന്റെ ഒന്നാം ഘടകം). അതു ആവർത്തിക്കാൻ സാധ്യവുമല്ല. അതിനാൽ, ഭൂമി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു എന്നതും പരിണാമ പ്രക്രിയയാൽ (Big Bang) നിർമ്മിക്കപ്പെട്ടു എന്നതും രണ്ടും ഒരുപോലെ അശാസ്ത്രീയമാണ്. പ്രപഞ്ചോത്പത്തിയുടെ രഹസ്യം കണ്ടെത്താൻ ഭൗതികശാസ്ത്രലോകം മഹാപരീക്ഷണങ്ങൾ സ്വിസ്ഫ്രാൻസ് അതിർത്തിക്കിടയിലെ തുരങ്കത്തിൽ ഈയിടെ നടത്തിയത് ലോകജനശ്രദ്ധയാർജ്ജിച്ചെങ്കിലും തൃപ്തികരമായ ഒരു നിഗമനത്തിലെത്താൻ അവർക്കും കഴിഞ്ഞിട്ടില്ല. ഭൂമിയുടെ ഉത്പത്തിപോലെ മാനുഷികമായി നിരീക്ഷിക്കാൻ സാധ്യമല്ലാത്തത് ശാസ്ത്രഗവേഷണങ്ങൾ കൊണ്ടു നിഗമനത്തിലെത്താൻ ശ്രമിക്കുന്നത് നിഷ്ഫലമാണ്.

വേദപുസ്തകത്തിലെ യിരെമ്യാപ്രവചനം 33:22-ൽ 'എണ്ണമില്ലാത്ത നക്ഷത്രങ്ങൾ' ഉണ്ടെന്നു രേഖപ്പെടുത്തിയിരിക്കുമ്പോൾ പൂർവകാല ശാസ്ത്രലോകം ആയിരത്തിഒരുനൂറു (1100) നക്ഷത്രങ്ങൾ മാത്രമാണുള്ളതെന്നു അഭിപ്രായപ്പെട്ടു. എന്നാൽ ആധുനിക ശാസ്ത്രമാകട്ടെ, വേദപുസ്തക സത്യത്തിനു അനുസൃതമായി 'എണ്ണമില്ലാത്ത നക്ഷത്രങ്ങൾ' ഉണ്ടെന്ന നിഗമനത്തിലെത്തിയിരിക്കുന്നു.

മറ്റൊരു ഉദാഹരണമാണ് ഇയ്യോബിന്റെ പുസ്തകം 26-ാം അദ്ധ്യായം ഏഴാം വാക്യം. ബൈബിൾ, ഭൂമിയെ നാസ്തിത്വത്തിന്മേൽ തൂക്കിയിരിക്കുന്നു എന്നു പ്രസ്താവിക്കുമ്പോൾ പുരാതന ശാസ്ത്രലോകം ഭൂമിയെ ഒരു വലിയ മൃഗം താങ്ങിനിർത്തിയിരിക്കയാണ് എന്നാണു കരുതിയത്. എന്നാൽ ഇന്നാകട്ടെ, ഭൂമി അന്തരീക്ഷത്തിൽ കറങ്ങിക്കൊണ്ടിരിക്കയാണെന്നു ശാസ്ത്രലോകം കണ്ടെത്തിയിരിക്കുന്നു.

ചുരുക്കംപറഞ്ഞാൽ വേദപുസ്തകം ശാസ്ത്രഗ്രന്ഥമല്ലെങ്കിലും വേദപുസ്തകത്തിൽ എവിടെയെല്ലാം ശാസ്ത്രീയ സത്യങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ അവയൊന്നും ആർക്കും നിഷേധിക്കാൻ സാധിക്കാത്ത സത്യമാണ്.

# Quest – 26

(ഈ ലക്കം QUEST - ലെ ചോദ്യങ്ങൾ ഹഗ്ഗായി, സെഖര്യാവ് എന്നീ പ്രവചന പുസ്തകങ്ങളിൽ നിന്നാണ്.)

1. സെരുബ്ബാബേലിന്റെ പിതാവ്?
2. യഹോവ ദേശവാസികളെ എങ്ങനെയൊക്കെ ദണ്ഡിപ്പിച്ചു?
3. യഹോവയുടെ ഏഴുകണ്ണുകൾ എന്തുകൊണ്ടാണ് സന്തോഷിക്കുന്നത്?
4. കുതിരകളും പുറത്തുകയറി ഓടിക്കുന്നവരും വീഴുന്നതെങ്ങനെ?
5. ഹഗ്ഗായി പ്രവാചകന്റെ കാലത്ത് യെഹൂദാദേശാധിപതി ആരായിരുന്നു?
6. മനുഷ്യരുടെ മേലും മൃഗങ്ങളുടെ മേലും കൈകളുടെ സകലപ്രയത്നത്തിന്മേലും എന്താണ് വിളിച്ചു വരുത്തിയിരിക്കുന്നത്?
7. യോശുവയുടെ മുമ്പിൽ വച്ചിരിക്കുന്ന കല്ലിന്മേൽ എത്ര കണ്ണുകൾ ഉണ്ട്?
8. വെള്ളിയും പൊന്നും കൊണ്ട് കിരീടമുണ്ടാക്കി ആരുടെ തലയിൽ വയ്ക്കാനായിരുന്നു യഹോവയുടെ അരുളപ്പാട്?
9. ഏഫയുടെ നടുവിൽ ഇരുന്ന സ്ത്രീ?
10. സത്യനഗരം എന്നറിയപ്പെടുന്ന സ്ഥലം?
11. യുവാക്കളേയും യുവതികളേയും പുഷ്ടീകരിക്കുന്നത് എന്ത്?
12. സകല ജാതികൾക്കും ഭാരമുള്ള കല്ലാക്കി വെക്കുന്നത് ആരെ?
13. സൈന്യങ്ങളുടെ യഹോവയുടെ ആട്ടിൻകൂട്ടം?
14. ചുരുൾ എന്തിനെ സൂചിപ്പിക്കുന്നു?
15. പൊടിപോലെ വെള്ളിയും വീഥികളിലെ ചെളിപോലെ തങ്കവും സ്വരൂപിച്ചത് ആർ?
16. യെരുശലേമിൽ നിന്ന് പുറപ്പെട്ട് പാതി കിഴക്കേ കടലിലേക്കും പാതി പടിഞ്ഞാറെ കടലിലേക്കും ഒഴുകുന്നത് എന്ത്?
17. സകലജാതികളോടും ചെയ്തിരുന്ന നിയമത്തെ മുറിക്കേണ്ടതിന് ഏത് കോലാണ് മുറിച്ചു കളഞ്ഞത്?
18. ബെരെഖ്യാവിന്റെ പിതാവ്?
19. പ്രവാചകൻ കണ്ട ചുരുളിന്റെ നീളവും വീതിയും എത്ര?
20. കൂടാരപ്പെരുന്നാൾ ആചരിക്കേണ്ടതിനു വരാതിരുന്ന മിസ്രയീമിനുള്ള പാപശിക്ഷയും സകല ജാതികൾക്കുമുള്ള പാപശിക്ഷയും എന്ത്?

**പ്രത്യേക ശ്രദ്ധയ്ക്ക്**

Quest 26 ന്റെ ഉത്തരങ്ങൾ
2012 October 20 നകമായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം
അയയ്ക്കണമെന്നു അഭ്യർത്ഥിക്കുന്നു.

***ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം:***
ക്രൈസ്തവ വനിത ക്വിസ്
ഗുഡ്ന്യൂസ്, ആക്കുളം റോഡ്
തിരുവനന്തപുരം, കേരള 695 031.

## Quest - 25 ന്റെ ഉത്തരങ്ങൾ

| | | |
|---|---|---|
| 1. | ജലാശയം പോലെ | - നഹൂം 2:8 |
| 2. | ചുഴലിക്കാറ്റിലും, കൊടുങ്കാറ്റിലും | - നഹൂം 1:3 |
| 3. | അശ്ശൂർ രാജാവിന്റെ കേടിന് | - നഹൂം 3:19 |
| 4. | രഥങ്ങൾ | - നഹൂം 2:4 |
| 5. | നീനെവേയ്ക്ക് | - നഹൂം 3:7 |
| 6. | പരാക്രമശാലികൾ | - നഹൂം 2:3 |
| 7. | വീഞ്ഞ് | - ഹബക്കൂക്ക് 2:5 |
| 8. | വക്രതയായി, ദുഷ്ടൻ നീതിമാനെ വളഞ്ഞിരിക്കകൊണ്ട് | - ഹബക്കൂക്ക് 1:4 |
| 9. | യഹോവയുടെ മഹത്വത്തിന്റെ പരിജ്ഞാനത്താൽ | - ഹബക്കൂക്ക് 2:14 |
| 10. | സ്വഗൃഹത്തിൽ | - ഹബക്കൂക്ക് 3:11 |
| 11. | ഛേദിച്ചുകളയും | - സെഫന്യാവ് 1:6 |
| 12. | കൂശി | - സെഫന്യാവ് 1:1 |
| 13. | കൂശ്യർ | - സെഫന്യാവ് 2:12 |
| 14. | യെരുശലേം പുത്രിയോട് | - സെഫന്യാവ് 3:14 |
| 15. | യഹോവയുടെ നമസ്ക്കാരികൾ | - സെഫന്യാവ് 3:10 |
| 16. | മോവാബ്, അമ്മോന്യർ | - സെഫന്യാവ് 2:9 |
| 17. | യഹോവയുടെ ക്രോധവും ഉഗ്രകോപവും പകരേണ്ടതിന് | - സെഫന്യാവ് 3:8 |
| 18. | സുവാർത്താദൂതനായി സമാധാനം ഘോഷിക്കുന്നവന്റെ കാൽ | - നഹൂം 1:15 |
| 19. | കോട്ടകൾ | - നഹൂം 3:12 |
| 20. | കല്ദായരുടെ കുതിരച്ചേകവർ | - ഹബക്കൂക്ക് 1:8 |

**QUEST - 25** ന്റെ മുഴുവൻ ശരി ഉത്തരം അയച്ചവർ

1. മേഴ്സി ജോർജ്ജ്, മണ്ണുത്തി, തൃശ്ശൂർ.
2. ഹെൽനാ വിൽസൻ, വിലങ്ങന്നൂർ, തൃശ്ശൂർ.
3. മറിയാമ്മ മാത്യു, കിഴക്കും പാട്ടുകര, തൃശ്ശൂർ.
4. ജിജിറോയി, മാഞ്ഞൂർ, കോട്ടയം.
5. മോളിക്കുട്ടി ചാക്കോ, പാടിയോട്ടുചാൽ, കണ്ണൂർ.
6. ബിന്ദുജോയി, ചെമ്പകത്താഴം, കോഴിക്കോട്.
7. സി.എം.മാമൻ, അണുശക്തിനഗർ, മുംബൈ.
8. ജെസ്സി മോൻസൺ, കരിയംപ്ലാവ്, റാന്നി.
9. മിസ്സിസ്സ്. എ. എബ്രഹാം, കൊച്ചി.

വിജയികൾക്കു ഞങ്ങളുടെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ. ക്വസ്റ്റിന് ലഭിക്കുന്ന നല്ല പ്രതികരണങ്ങൾക്ക് നന്ദി. പങ്കെടുത്ത ഏവർക്കും ഞങ്ങളുടെ നന്ദിയും അഭിനന്ദനങ്ങളും അറിയിച്ചുകൊള്ളുന്നു.

**Quiz Master**

A bi-monthly publication by
Smt. Preetha Denny
Good News
Akkulam Road
Trivandrum 695 031